# രാജർഷി

| പുസ്തകം 7 | 1116 വൃശ്ചികം | ലക്കം 4 |
|---|---|---|

## മംഗളം.

രാജന്യവംശമണി മാടമഹീപനായ
രാജർഷിതൻ വിമലകീർത്തിലസൽപതാക—
"രാജർഷി"മാസിക—സുഖലഖസുമാളി ചാർത്തി
രാജൽപ്രഭം സുചിരമിങ്ങു ജയിച്ചിടട്ടെ.

വിദ്വാൻ, ശിരോമണി, കെ. നീലകണ്ഠൻ നമ്പീശൻ.

## ബുദ്ധസ്തവം.

(കേക)

(ഒരു വിവർത്തനം)

* ഏകചിത്തസന്തതിയാന്നോരദ്വയവാദി-
ന്നത്രയീപരിചിതനാകിലും ബുധൻ ഭവാൻ
ii വിധുതചതുർവ്വിധതത്ത്വ, നപ്പഞ്ചബാണ-
വിജയി, ഷഡഭിജ്ഞൻ പാലിയ്ക്കുകെന്നെസ്സദാ! 1

മാരജിത്തായ ഭവാൻ ക്ഷണികതത്ത്വത്തിനേയു-
മാത്മാഭാവത്തേയുമേ സാക്ഷാൽക്കരിയ്ക്കും നേരം,
പുഷ്പവൃഷ്ടിയുണ്ടായീ സുരഹസ്തത്തിൽനിന്നു
പുഷ്പാസ്ത്രശരനിര വീണതാണവന്നൂനം. 2

---

* ഏകചിത്തസന്തതി=ക്ഷണികജ്ഞാനപ്രവാഹം.

ii വിധുതചതുർവ്വിധതത്ത്വൻ=സത്ത്, അസത്ത്, സദസത്ത്, അസദസത്ത്, എന്നീ നാലുവിധത്തിലുള്ള തത്ത്വങ്ങളേയും തിരസ്കരിച്ചവൻ.

നന്മയിൽ ധൈൎയ്യമുറ്റു ചേൎന്ന താവകഹൃത്തിൽ
മന്മഥൻ ദൃഢം വലിച്ചെയ്യുവേ തറയ്ക്കാതെ
വിരവിൽ മുനമടങ്ങീടിന തദസ്ത്രങ്ങൾ
വിടൎന്ന കുസുമങ്ങൾ കുടപോൽ വട്ടത്തിലായ്; 3

കാണിയ്ക്കും താഴാതെ നിൻസ്തുതിയിൽച്ചതുരത
കാണിയ്ക്കയാലേ ചതുരാസ്യനായ് ത്തീൎന്നുവിധി
സൎവ്വജ്ഞനായ ഭവാനിരിയ്ക്കേ, ശൎവ്വൻ സ്വയം
സൎവ്വവിദ് ഭ്രംശതയാൽ ശിതികണ്ഠനുമായി!! 4

തിരുവേഗപ്പുറ:— ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ.

## ജീവചരിത്രങ്ങളുടെ ലേഖനരീതി

ജീവചരിത്രപ്രസ്ഥാനം കലാപരമായ ഒരു സാഹിത്യവ്യവസായമായി കേരളക്കരയിൽ അംഗീകരിക്കപ്പെട്ടിട്ട് ഇപ്പോൾ കഷ്ടിച്ചു പത്തുകൊല്ലക്കാലമേ ആയിട്ടുള്ളു; എങ്കിലും ഇതിനിടയിൽ ഇരുപതിൽപരം ജീവചരിത്രഗ്രന്ഥങ്ങൾ നമുക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ട്. ഇവയിൽ ഒട്ടു മുക്കാലും സാഹിത്യകാരന്മാരുടെ ജീവിതത്തെ സംബന്ധിച്ചവയത്രെ. വിഷയത്തിന്റെ മഹിമ, പ്രതിപാദനരീതിയുടെ ഭംഗി, ലേഖനശൈലിയുടെ മാധുൎയ്യം എന്നീ മൂന്നു ഗുണങ്ങളും തികഞ്ഞ ഒരു മാതൃകാഗ്രന്ഥം മലയാളത്തിലെ ജീവചരിത്രപ്രസ്ഥാനത്തിൽ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്, എന്നു പറഞ്ഞാൽ അത് ഇതുവരെ രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾക്കു യാതൊരു അപകൎഷമോ അപമാനമോ വരുത്തുന്നതല്ല ഈ പ്രസ്താവനയെ നമ്മുടെ ജീവചരിത്രകാരന്മാർ എതിൎക്കേണ്ട ആവശ്യവുമില്ല. എന്തെന്നാൽ, അവർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ പലതും സാമാന്യമായി വളരെ നന്നായിട്ടുണ്ടെന്നുവരികിലും, മേല്പറഞ്ഞ മൂന്നു ഗുണങ്ങളും തികഞ്ഞ ഒരു ഗ്രന്ഥമായി സ്വീകരിക്കപ്പെടാൻ മാത്രം യോഗ്യതയുള്ള ഒരു ഗ്രന്ഥമെങ്കിലും അക്കൂട്ടത്തിലില്ല എന്നുള്ളതു് പരമാൎത്ഥം മാത്രമാണ്.

ഈ വിഷയത്തിൽ നമ്മുടെ ജീവചരിത്രലേഖകന്മാരെ കുററപ്പെടുത്തുകയെന്നതല്ല ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. വാസ്തവത്തിൽ, കുററം അവരുടേതല്ല. ജീവചരിത്രപ്രസ്ഥാനത്തെ നമ്മുടെ സാഹിത്യലോകത്തിലേയ്ക്കും, കടത്തിവിട്ട മഹാന്മാർ ജീവചരിത്രലേഖനത്തിനു മാതൃകയായി കാട്ടിക്കൊടുത്തതു് ഇംഗ്ലീഷിലെ Men of letters ഗ്രന്ഥാവലിയെയാണ്. കേവലം ജീവചരിത്രപരമായ നിരൂപണങ്ങളെന്നുമാത്രം

വേണം, ഈ ഗ്രന്ഥസമുച്ചയത്തിലെ ഒട്ടുമുക്കാലും കൃതികളെയും പററി പറവാൻ. സ്മൎയ്യപുരുഷൻെറ സാഹിത്യവ്യവസായത്തിൻെറ മഹിമയെ പ്രകാശിപ്പിക്കുക എന്നതിൽപരം ഒരു ഉദ്ദേശ്യം അവയ്ക്കില്ല. ഈ ഗ്രന്ഥങ്ങളെ മാതൃകയാക്കിയതു നിമിത്തമത്രെ, മലയാളത്തിലെ ജീവചരിത്രങ്ങൾ ഇന്നും ഉൽകൃഷ്ടപദവിയിൽ എത്താതിരിക്കുന്നതു്.

സ്മൎയ്യപുരുഷൻെറയും അദ്ദേഹം നയിച്ചിരുന്ന ജീവിതത്തിൻെറയും ഒരു യഥാൎത്ഥചിത്രം നല്കുകയെന്നതാണ് ജീവചരിത്രകാരൻെറ കൃത്യം. കാർലൈൻ പറയുന്നു:—"സ്മൎയ്യപുരുഷൻ തൻെറ പ്രത്യേകസ്ഥാനത്തു നിന്നുകണ്ട ലോകവും മനുഷ്യജീവിതവും അദ്ദേഹത്തിൻെറ മനസ്സിൽ ഏതുവിധം പ്രതിഫലിച്ചു; പരിതഃസ്ഥിതികൾ അദ്ദേഹത്തെ എത്രമാത്രം നിയന്ത്രിച്ചു; അദ്ദേഹം അവയെ എങ്ങനെ നിയന്ത്രിച്ചു; ഏതുതരം പ്രവൃത്തിയും ശക്തിയും കൊണ്ടാണ് അവയെ കീഴടക്കിയതു്; അഥവാ എത്രമാത്രം സഹനശക്തിയോടെ എതിൎത്തു കഷ്ടപ്പെട്ടാണ് അവസാനം അതിനു കീഴടങ്ങിയതു്; സമുദായം ആ വ്യക്തിയിൽ എത്രമാത്രം ശക്തി ചെലുത്തി; അയാളുടെ പ്രാഭവം സമുദായത്തെ എത്രമാത്രം ബാധിച്ചു. ഈ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നല്കുന്നതാൾ മാത്രമേ ഒരു ഉത്തമമായ ജീവചരിത്രം നിൎമ്മിക്കുന്നുള്ളു." സ്വതസ്സിദ്ധമായ വാസനയും തനിക്കു ലഭിച്ചിരുന്ന പ്രത്യേക പരിതഃസ്ഥിതികളും സ്മൎയ്യപുരുഷൻെറ ആത്മാവിനെ—അദ്ദേഹത്തിലുള്ള വ്യക്തിത്വത്തെ—എങ്ങനെ ബാധിച്ചു; അദ്ദേഹത്തിൻെറ പ്രവൃത്തികളിൽ ഇതു് എത്രമാത്രം പ്രതിഫലിച്ചു, അഥവാ, അദ്ദേഹത്തിൻെറ പ്രവൃത്തികൾക്കു് ഇതു് എത്രമാത്രം കാരണമായിത്തീൎന്നു, എന്നുള്ള വിചിന്തനത്തിൽ ജീവചരിത്രകാരൻ ദത്തശ്രദ്ധനായിരിക്കണം. ആത്മാവിൻെറ ക്രമാനുഗതമായ വളൎച്ചയെ ലേഖനം ചെയ്തു് വിഷയത്തിനു ഐക്യവും ഓജസ്സും നല്കേണ്ടതു് ജീവചരിത്രകാരൻെറ ധൎമ്മമത്രേ.

ഇവിടെയാണ് ജീവചരിത്രങ്ങളുടെ ലേഖനരീതിയെപ്പററി ശ്രദ്ധിക്കേണ്ടതു്; ഇതിലത്രേ നമ്മുടെ ജീവചരിത്രകാരന്മാരിൽ പലരും പരാജയം പ്രാപിച്ചിട്ടുള്ളതും. ജീവചരിത്രത്തിനു വിഷയമാകുന്ന വ്യക്തം തീൎച്ചയായും ഒരു നിസ്സാരവ്യക്തിയായിരിക്കയില്ല. നാനാമുഖമായ പ്രവൃത്തിപഥത്തിൽക്കൂടി ചരിച്ചു് മഹത്വം നേടിയ ഒരു വ്യക്തിയായിരിക്കും സ്മൎയ്യപുരുഷൻ. ഇതിൻെറ ആത്മാൎത്ഥമായും തുടൎച്ചയായുമുള്ള ഒരു ചിത്രം നിൎമ്മിക്കുക എന്നുള്ളതു ശ്രമസാദ്ധ്യമാണെന്നുള്ളതു ശരി; പക്ഷേ അസാദ്ധ്യമല്ലതന്നെ.

അകം ജലംനിറഞ്ഞതും ഒന്നിലധികം സുഷിരങ്ങളുള്ളതുമായ ഒരു റബ്ബർപന്തുപോലെയത്രേ മനുഷ്യജീവിതം. മനുഷ്യന്റെ കർമ്മഫലമായോ, കാലസമ്മർദ്ദം ഹേതുവായോ, അഥവാ രണ്ടിന്റെയും ഫലമായോ, ആ പന്തിൽ നിന്നും നിമിഷം പ്രതി അല്പാല്പം ജലം പുറത്തു ചാടുന്നു. ഇങ്ങനെ ചാടിപ്പോകുന്ന ദ്രാവകത്തെ രണ്ടുതരത്തിൽ അളക്കാൻ സാധിക്കും. സുഷിരങ്ങളെ പ്രത്യേകം പ്രത്യേകമായി ഗണിച്ച് ഓരോ സുഷിരത്തിലും നിന്ന് എത്രമാത്രം ദ്രാവകം പുറത്തുപോയി എന്നു കണക്കാക്കി ആകത്തുക കാണാം; അഥവാ, എല്ലാ സുഷിരങ്ങളേയും ഒരേ സമയം പരിഗണിച്ച് ഓരോ നിമിഷവും അവയിൽ എല്ലാററിലും നിന്നു പുറത്തു ചാടുന്ന ദ്രാവകത്തിന്റെ അളവുനിർണ്ണയിച്ച് ആകത്തുക കാണാം. ഇതിൽ പ്രഥമമാർഗ്ഗം ശാസ്ത്രീയമായി നോക്കുന്നതായാൽ ശരി തന്നെ. പക്ഷേ ദ്രാവകത്തിന്റെ ക്രമേണയുള്ള പോക്കിനെപ്പററി അറിയണമെന്നു വരികിൽ രണ്ടാമത്തെ മാർഗ്ഗമായിരിക്കും അധികം നല്ലത്:

അതേവിധം തന്നെ, നാനാമുഖമായ പ്രവൃത്തിപഥത്തിൽ വിഹരിച്ചിരുന്ന സൽപുരുഷന്റെ ജീവിതത്തെ കാലാനുക്രമം, തുടർച്ചയായി, ആകക്കൂടെ ലേഖനം ചെയ്യുന്ന രീതിയായിരിക്കും ഏററവും പ്രയോജനകരവും സൃഷ്ടിപരവുമായ പ്രതിപാദനരീതി. പക്ഷെ, നമ്മുടെ ജീവചരിത്രകാരന്മാർ ഈ രീതിയെ ഇനിയും ശരിയായി അനുസരിക്കുവാൻ തുടങ്ങീട്ടില്ല. അവരിൽ മിക്കപേർക്കും പത്ഥ്യമായിരിക്കുന്നതു് പ്രഥമമാർഗ്ഗമത്രെ. സൽപുരുഷന്റെ ഓരോ പ്രവൃത്തിമാർഗ്ഗത്തെയും വെവ്വേറെ വിശകലനം ചെയ്തു രേഖപ്പെടുത്തി അവയുടെ വളർച്ചയെ കാണിക്കുവാനത്രെ അവർ ശ്രമിക്കുന്നതു്. ഈ രീതിയെ അനുസരിച്ചാൽ സൽപുരുഷന്റെ ആത്മാവിന്റെ പൂർണ്ണമായ ഒരു രൂപം നമുക്ക് എങ്ങനെ ലഭിക്കും?

ഒരു വ്യക്തിയുടെ രൂപം ലേഖനം ചെയ്യാൻ ഒരു ചിത്രകാരൻ തുനിയുന്നുവെന്നു വിചാരിക്കുക. കൈ, കാൽ, മുഖം, കഴുത്തു് എന്നിങ്ങനെ ഓരോ അവയവവും വെവ്വേറെ പ്രത്യേകം പ്രത്യേകം കടലാസ്സുകളിൽ അയാൾ വരയ്ക്കുന്നുവെന്നിരിക്കട്ടെ, അവയെ അടുത്തടുത്തായി നിരത്തിവച്ചാൽ കൂടി ആ രൂപം എന്താണെന്നു പറവാൻ നമുക്കു സാധിക്കുമോ? കൈകാലുകളുടെ ദൈർഘ്യവും കൊഴുപ്പും രീതിയുംകണ്ടു് അതു ഒരു പുരുഷന്റേതായും, മുഖത്തിന്റെ ശ്രീയും മററുംകണ്ടു് അതു് ഒരു

സ്ത്രീയുടെതായും നാം സങ്കല്പിച്ചാൽ ആകൃതിയുടെയുള്ള ഫലമെന്തായിരിക്കും?

മാത്രമല്ല താൻ ലേഖനം ചെയ്യാൻ പുറപ്പെട്ടുന്ന പുരുഷൻെറ ആകല്പാടെയുള്ള സ്വാതന്ത്ര്യജ്ഞാനം ചിത്രകാരനില്ലെന്നിരിക്കട്ടെ. അയാൾ ആദ്യമായി മുഖം വരയ്ക്കുന്നുവെന്നു വിചാരിക്കാം. അതുകഴിഞ്ഞു്, അതിന്നടിയിലായി, അതേ കടലാസിൽ പക്ഷെ മുഖത്തെ നിശ്ശേഷം മറന്നു് കഴുത്തും, ഇവരണ്ടിനേയും മറന്നു് ഭുജങ്ങളും വരയ്ക്കാൻ തുടങ്ങുന്നുവെന്നും വയ്ക്കുക. അവയ്ക്കു തമ്മിൽ ഒരു ഐക്യവും, ചിത്രത്തിനുഭംഗിയും, എങ്ങനെ സിദ്ധിക്കും? ഈ അവയവങ്ങൾക്കു തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടു്. അതിനെ മറക്കുന്ന ചിത്രകാരൻ തന്നെ താനറിയാതെയാണെങ്കിലും കേവലം ഒരു ഹാസ്യചിത്രത്തെയായിരിക്കും ലേഖനം ചെയ്യുക.

ഈ ഒരു ദോഷം മലയാളത്തിലെ ജീവചരിത്രങ്ങളിൽ മാത്രമാണു് കാണുന്നതെന്നു വിചാരിച്ചുപോകരുതു് ഇംഗ്ലീഷിലെ പല ജീവചരിത്രങ്ങളും ഈ ദോഷത്തിനു് ഇരയും തന്മൂലം ദൂഷണത്തിനു പാത്രവുമായിത്തീൎന്നിട്ടുണ്ടു്. സ്മൎയ്യപുരുഷൻെറ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങളെത്തന്നെ അങ്ങു മറന്നുകളഞ്ഞാൽ എന്തെന്നു ചോദിക്കുന്ന സഹൃദയന്മാരെപ്പോലും അവിടെ കാണാം അതുകൊണ്ടു ജീവചരിത്രത്തിനു് യാതൊരു കോട്ടവും പററുന്നില്ലെന്നത്രെ അവരുടെ വാദം. ഒരു കാലത്തു ടെന്നിസൺ ചോദിച്ചിരുന്നു. "ബൈറൻെറ താന്തോന്നിത്തങ്ങളെപ്പററി ലോകമെന്തിനറിയുന്നു? അദ്ദേഹം മധുമധുരമായ കവിതാനിഷ്യന്ദമല്ലേ അവൎക്കു സമ്മാനിച്ചിരിക്കുന്നതു്?" എന്നു് ബൈറൻെറ ചെറുപ്പകാലത്തെ തോന്ന്യാസങ്ങളെപ്പററിയുള്ള ജ്ഞാനം ആ വിശ്വമഹാകവിയുടെ മഹത്വത്തിനു ഹാനിവരുത്തുകയില്ലേ എന്നു തദാരാധകനായ ടെന്നിസൺ ഭയപ്പെട്ടതിൽ അത്ഭുതപ്പെടാനൊന്നുമില്ല. എന്നാൽ ആ തോന്ന്യാസങ്ങളുടെ അനന്തരഫലമായുണ്ടായ വിദേശവാസവും വികാരാവേശവുമാണു് അദ്ദേഹത്തിൻെറ മധുരഗീതങ്ങളുടെ ഉത്ഭവസ്ഥാനമെന്നും അതറിയാതെ അദ്ദേഹത്തിൻെറ കൃതികൾ വായിക്കുന്നവൎക്കു് അതിലെ ചില ആശയങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നതല്ലെന്നുമുള്ള വസ്തുതയോൎക്കുമ്പോൾ ടെന്നിസൻെറ ഈ സ്നേഹനിഃവദനം അസ്ഥാനത്തായിത്തീരുന്നില്ലേ? മനുഷ്യൻെറ ഓരോ പ്രവൃത്തിക്കും പിറകിലായി അ

തിന്ന കാരണമായ വികാരങ്ങൾ പലതും കിടപ്പുണ്ടെന്നും, ഒരേ വികാരം തന്നെ പല പ്രവൃത്തികൾക്കും അടിസ്ഥാനമായി വരുമെന്നും, ഈ വികാരം തന്നെയും ചില പ്രത്യേക പരിതഃസ്ഥിതികളുടെ സന്താനമാണെന്നും, ഇവയുടെയെല്ലാം ശരിയായ അപഗ്രഥനത്തിലും ചിത്രീകരണത്തിലും മാത്രമേ സ്യത്ത്വപുരുഷൻെറ ചിത്രം പൂർത്തിയാവുകയുള്ളു എന്നും ജീവചരിത്രകാരന്മാർ പ്രത്യേകം ഓർക്കേണ്ടതാണ്.

ഉദാഹരണമായി വള്ളത്തോളിൻെറ ചരിത്രം തന്നേയെടുക്കാം പുരാണങ്ങളിലും ഇതിഹാസങ്ങളിലും മററും തങ്ങിക്കൂടിയിരുന്ന ഒരു കവിയായിട്ടാണല്ലോ വള്ളത്തോളിനെ ആദ്യകാലത്തറിഞ്ഞിരുന്നതു്. അന്നൊന്നും അദ്ദേഹത്തിൻെറ കവിതകളിൽ, പിൽക്കാലത്തു് അദ്ദേഹത്തിൻെറ കവിതയെ ഉച്ചസ്ഥാനത്തെത്തിച്ച ദേശഭക്തിയോ ദേശീയവികാരങ്ങളോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഇന്നു് അദ്ദേഹത്തിൻെറ കവിത ദേശീയഗീതങ്ങളുടെ ഒരു സമുച്ചയമായിട്ടത്രേ നാം കരുതുന്നതു്: അദ്ദേഹത്തെ ദേശീയകവിയായിട്ടത്രേ നാം കരുതിവരുന്നതു്. ഈ ഒരു മാററത്തിന്ന ഹേതുവെന്തു്? ഇതിന്നും 1915-നുശേഷം ഭാരതത്തിൽ കണ്ടുതുടങ്ങീട്ടുള്ള ദേശീയമനോഭാവത്തിന്നും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നോ? വള്ളത്തോൾ വെയിൽസ്സുരാജകമാരൻെറ കൈയിൽനിന്നുമുള്ള സമ്മാനം വേണ്ടെന്നുവച്ചതും, പിൽക്കാലത്തിൽ കേരളീയകലാഭിവൃദ്ധിക്കായി പരിശ്രമിച്ചതും മററും യാദൃച്ഛികസംഭവങ്ങളാണോ? ഇവയ്ക്കെല്ലാം കാരണം അദ്ദേഹത്തിന്ന ലഭിച്ച ചില പരിതഃസ്ഥിതികളും അദ്ദേഹത്തിൻെറ വ്യക്തിഗുണവുമല്ലേ? ഇതെല്ലാം പരിഗണിക്കാതെ അദ്ദേഹത്തിൻെറ കവിതാമഹത്വത്തെ പ്രത്യേകമായും മററു പരിശ്രമങ്ങളെ വേറെയായും ഗണിച്ചു് അദ്ദേഹത്തിൻെറ ഒരു ജീവചരിത്രം രചിക്കുന്നതായാൽ വള്ളത്തോളിൻെറ മഹത്വം ശരിയായി നമുക്കറിവാൻ സാധിക്കുമോ?

മലയാളക്കരയിൽ മഹാന്മാർ പലരും ജീവിച്ചിട്ടുണ്ടു്; ജീവിക്കുന്നുമുണ്ടു്. അവരുടെ മഹത്വത്തെ ശരിയാംവിധം ലോകമറിയണമെങ്കിൽ മഹത്തരങ്ങളായ ജീവചരിത്രഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ ഉണ്ടാകണം. അതിന്നുവേണ്ടി നമ്മുടെ ജീവചരിത്രകാരന്മാർ ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു് ആശിക്കാം, അവരുടെ വിജയത്തിനായി പ്രാർത്ഥിക്കാം.

(എൽ. ജി. ശേണായി ബി. എ.)

# കടലാസ്സുവഞ്ചികൾ. *

(വഞ്ചിപ്പാട്ട്)

## I

പൈതലോതി: "കടലാസ്സുവഞ്ചികളോരോന്നോരോന്നായ്,
പാഞ്ഞുപോകമരുവിയിൽ ഞാനൊഴുക്കുന്നു.
അവയിൽക്കറുത്ത വലിയക്ഷരത്തിലെന്റെ പേരു-
മെഴുതിവിടുന്നു ജന്മദേശത്തിന്റേയും.
ഒരുപക്ഷേ വിദൂരമാം വല്ല നാട്ടിലൊരാളവ
പരിശോധിച്ചെന്നെത്തിരഞ്ഞറിഞ്ഞെങ്കിലോ!

## II

നിറച്ചു വിടുന്നു ഞാനെൻ വീട്ടിലെത്തോട്ടത്തിൽ നിന്നു
നറും പനീർപ്പൂക്കളാലാച്ചെറുതോണികൾ?
നിരപായമുഷസ്സിന്റെ മൊട്ടുകളാമവ ചെന്നു
മറുകരയ്ക്കെങ്ങാൻ രാവിലണഞ്ഞെങ്കിലോ!

## III

അരുവിയിൽക്കടലാസ്സു ചെറുവഞ്ചികളൊഴുക്കി-
സ്സുരസമാനഭസ്സിലെയ്ക്കൊന്നു ഞാൻ നോക്കെ,
അങ്ങു കാൺമൂ കൊച്ചുമുകിൽ നിരകൾ സഞ്ചരിയ്ക്കുന്ന-
തങ്ങുമിങ്ങും, വെൺപാലൊളിപ്പായകൾ വീശി!
ഏതുകളിത്തോഴനെന്റെ ബോട്ടുകളായ് മത്സരിപ്പാൻ
മീതെനിന്നീ മുകിൽത്തോണികളെ വിടുന്നു?

## IV

ഇരവണഞ്ഞിടുമ്പോൾ ഞാനൊരാലസ്യമൊടെൻ മുഖ-
മിരുകൈത്തണ്ടുകൾക്കുള്ളിൽ വെച്ചുറങ്ങവേ
കിനാവു കാണുന്നു, മമ കടലാസ്സു തോണിയെല്ലാം-
മണിത്താരകൾക്കിടയിലൊഴുകുന്നതായ്.
ഇരുന്നുയക്ഷികൾ തുഴയുന്നിതവ, സ്വസ്വപ്നങ്ങൾ
നിറച്ച പൂക്കൂട്ടകളും ചരക്കുമേന്തി."

വിപോൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

---

* ടാഗോർ.

## ഒരു നിരൂപണവിവേചനം.

രാമവൎമ്മ റിസൎച്ച് ഇൻസ്റ്റിറ്റ്യൂട്ടുവക ബുള്ളറ്റിനിൽ A. G. W. എന്ന ഒരു പുതിയ വിമൎശകൻ ശിരോമണി ശ്രീമാൻ പി. കൃഷ്ണൻനായരുടെ "ആട്ടക്കഥ"ക്കുള്ള ഒരു നിരൂപണമെന്ന നിലയിൽ ഇംഗ്ലീഷിൽ ചിലതെഴുതിയിരിക്കുന്നതിനെക്കുറിച്ചു സ്ഥാലീപുലാകന്യായേന ചുരുങ്ങിയ നിലയിലുള്ള ഒരു വിവേചനമാണു് പ്രകൃതോപന്യാസം കൊണ്ടു വിവക്ഷിച്ചിരിക്കുന്നതു്.

എന്നാൽ ശ്രീമാൻ നായരുടെ "ആട്ടക്കഥ" വായിച്ചിട്ടുള്ള അഭിജ്ഞന്മാരാരും തന്നെ A. G. W. ഒരു നിരൂപകനോ എഴുതിയതു് നിരൂപണമൊ, ആണെന്നു വിചാരിക്കയില്ലെന്നു് എനിക്കറിയാം. എങ്കിലും "ആട്ടക്കഥ" വായിച്ചിട്ടില്ലാത്ത അഭിജ്ഞന്മാർ A. G. W. ന്റെ നിരൂപണം കണ്ടു തല്ക്കാലമെങ്കിലും വഞ്ചിതരാകാതിരിപ്പാനായി മാത്രം ആ നിരൂപണത്തിന്റെ അസംബദ്ധതയെ കുറച്ചൊന്നു് ചൂണ്ടിക്കാണിക്കുന്നു എന്നേയുള്ളു.

ശ്രീമാൻ നായരുടെ "ആട്ടക്കഥ" ഔത്സുക്യത്തോടു വായിക്കാൻ തുടങ്ങിയ A. G. W. നെ ആ ഗ്രന്ഥം നിരാശനാക്കുകയാണുണ്ടായതെന്നറിയുന്നതിൽ ആശ്ചൎയ്യത്തിനോ അനുതാപത്തിനോ അവകാശമില്ല. വിശേഷിച്ചു്, വിശ്വവിദ്യാലയത്തിലെ വിജ്ഞന്മാരുടെ തത്തദ്വിഷയകമായ വിജ്ഞാനത്തിന്റേയും പ്രതിഭാനത്തിന്റേയും സന്താനങ്ങളായ പ്രസിദ്ധീകരണങ്ങൾ അതതു വിഷയത്തിൽ സാമാന്യമായ ജ്ഞാനമെങ്കിലും ഉള്ളവൎക്കല്ലാതെ അജ്ഞന്മാൎക്കോ അതിലും അനൎഹന്മാരായ ജ്ഞാനലവദുൎവ്വിദഗ്ദ്ധന്മാൎക്കോ വേണ്ടി എഴുതീട്ടുള്ളതല്ല. ലോകത്തിൽ അവർ മാത്രമല്ലല്ലോ ഉള്ളതു്.

A. G. W. തന്റെ നിരൂപണം ആരംഭിച്ചിരിക്കുന്നതുതന്നെ "കേരളീയസമ്പ്രദായത്തിലുള്ള നൃത്തവും നാട്യവും അഭിനയവും അടങ്ങിയ ഒന്നാകുന്നു നമ്മുടെ കഥകളി" എന്ന സിദ്ധാന്തവും കൊണ്ടാണു്. പോരെ? നാട്യമെന്നതു ആംഗികം, വാചികം, ആഹാൎയ്യികം, സാത്ത്വികം എന്നീ നാലുതരം അഭിനയങ്ങളുടെ സമുച്ചയമാണെന്നും അവയിൽ ഒന്നെങ്കിലും കുറഞ്ഞുവെന്നാൽ നൃത്യമേ ആവുകയുള്ളുവെന്നുമല്ലേ ഭരതമഹൎഷിതുടങ്ങി ഇന്നുവരേയുള്ള ഭാരതീയ നടനകലാഭിജ്ഞന്മാർ എല്ലാവരും ഒരുപോലെ അഭിപ്രായപ്പെട്ടിരിക്കുന്നതു്? ഈ വിഷയത്തെ ശ്രീ

മാൻ നായർ തന്റെ ആട്ടക്കഥയിലെ നൃത്യതാസ്ഥാപനപ്രകരണത്തിൽ സപ്രമാണം, സവിസ്തരം പ്രതിപാദിച്ചുകൊണ്ട് കഥകളി നൃത്യമല്ലാതെ നാട്യമാകയില്ലെന്നു സ്ഥാപിച്ചിരിക്കുന്നതുപോലും ഈ നിരൂപകൻ ഗ്രഹിക്കയുണ്ടായില്ലെന്നോ? നല്ല നിരൂപണം തന്നെ! അഥവാ, ആട്ടക്കഥയിൽ പ്രാമാണ്യബുദ്ധിയില്ലെങ്കിൽ വേണ്ട; ഒരു നല്ല ഗ്രന്ഥകാരനും പണ്ഡിതനും നിരൂപകനുമായ വിദ്വാൻ, എ. ഡി. ഹരിശർമ്മ അവർകളുടെ ലളിതമനോഹരമായ ഭാഷയിലുള്ള "നാടകപ്രവേശിക"യെങ്കിലും വായിച്ചതിന്നുശേഷം നിരൂപണത്തിന്നു പുറപ്പെട്ടിരുന്നുവെങ്കിൽ ആരംഭത്തിൽ തന്നെ നാട്യവും അഭിനയവും വെവ്വേറെയാണെന്നും മററുമുള്ള വിഡ്ഢിത്തം എഴുന്നെള്ളിക്കേണ്ടിവരികയില്ലായിരുന്നു. ഭാരതീയരുടെ ദൃഷ്ടിയിൽ ലോകശാസ്ത്രവിലക്ഷണമായ ഒരുതരം കലാകുശലതയും കൊണ്ടു മിസ്റ്റർ A. G. W. ശ്രീമാൻ. പി. കൃഷ്ണൻനായരുടെ "ആട്ടക്കഥ"യെ വിമർശിക്കാൻ പുറപ്പെട്ടതു സാഹസമായിപ്പോയി. പേരു കൊതിച്ചു ചെയ്തതാണെങ്കിൽ ദയനീയം തന്നെ.

ഇത്തരം കലാകുശലന്മാൎക്കു അപ്രാപ്യമായ "ആട്ടക്കഥ" പ്രകൃതനിരൂപകനു വൈമുഖ്യം ജനിപ്പിച്ചതിൽ ആശ്ചൎയ്യമെന്താണ്?.

"യഥായൂനാം തദ്വത് പരമരമണീയാപി രമണീ
കുമാരാണാമന്തഃകരണഹരണം നൈവ കുരുതേ"

അതിനാൽ A. G. W. ന്റെ അത്തരം ആക്ഷേപത്തെ കാൎയ്യമാക്കേണ്ട ആവശ്യകതയുണ്ടെന്നു തോന്നുന്നില്ല.

എന്നാൽ, * "ആട്ടക്കഥയുടെ കൎത്താവു് ഒരു ചരിത്രജ്ഞനോ കലാഭിജ്ഞനോ അല്ലെന്നും അതിനാൽ ഗ്രന്ഥകാരൻ അനുപദം തന്റെ അജ്ഞതയെ വെളിപ്പെടുത്തിക്കാണുന്നതിൽ ആശ്ചൎയ്യമില്ലെ"ന്നും A. G. W. കൂസൽകൂടാതെ ഉദ്ഘോഷിച്ചിരിക്കുന്നതു കുറെ കടന്നുപോയെന്നു പറയാതെ നിവൃത്തിയില്ല. ശ്രീമാൻ പി.. കൃഷ്ണൻ നായരെപ്പററി A. G. W. എന്ന മനുഷ്യനെന്തറിയും? നേരിട്ടോ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വഴിക്കോ സ്വല്പമെങ്കിലും പരിചയമുണ്ടെങ്കിൽ അങ്ങിനെ പറയുവാൻ അവകാശമില്ല. പരിചയമില്ലെങ്കിൽ അത്തരം

* No wonder the author is neither historian nor artist and at every step he betrays his lack of training in the methodology of either

ആരക്ഷേപത്തിന്ന പ്രസക്തിപോലുമില്ല. പക്ഷെ, കഥയില്ലാത്തവക്കും ജ്ഞാനവൃദ്ധവിദഗ്ദ്ധന്മാക്കും ആരെപ്പററിത്തന്നെ എന്തുതന്നെ പറഞ്ഞുകൂടാ? എന്ന കാൎയ്യം ഞാൻ വിസ്മരിക്കുന്നില്ല. എങ്കിലും മൎയ്യാദവിട്ട ഇത്തരം വാക്കുകഠം ഒരു മലയാളി പുറപ്പെടുവിക്കുന്നതു തറവാടിത്തത്തിന്ന യോജിച്ചതാണോ? ഗ്രന്ഥകാരന്ന കലയെപ്പററി യാതൊരു ഗന്ധവുമില്ലെന്നും അതിനാൽ ഗ്രന്ഥത്തിലെ പ്രതിപാദനം അനുപദം പിഴച്ചുകാണുന്നതിൽ ആശ്ചൎയ്യമില്ലെന്നും മൊത്തത്തിൽ ആക്ഷേപിക്കുന്ന വിമൎശകമന്യന്ന ഒരൊററ ന്യൂനതയെങ്കിലും— കാലവിചാരത്തെ സംബന്ധിച്ചു ഉദ്ഘോഷിച്ചപോലെ അത്യന്തം അസംബദ്ധമായിട്ടെങ്കിലും—എടുത്തുകാണിപ്പാൻ കെല്പില്ലാതെ പോയതു വളരെ കഷ്ടമായിപ്പോയി.

'നിന്ദകി കഞ്ചുകമേവ പ്രായശ്ശ്ലിഷ്ടസ്തനീ നാരീ'' എന്നല്ലാതെ മറെറന്തു പറയട്ടെ.

നോക്കുന്നേടത്തെല്ലാം ശ്രീകൃഷ്ണസ്വരൂപം കണ്ടു ഭയപ്പെടുന്ന കംസനെപ്പോലെ പാണ്ഡിത്യഭീരുവായ നമ്മുടെ A. G. W. അവർകളും "വഞ്ചിക്ഷ്മാവരവീരകേരളവിഭോഃ'' എന്നതിലെ "വിഭു'' പദപ്രയോഗത്തിൻെറ സ്വാരസ്യം ശ്രീമാൻ നായർ നിരൂപിച്ചിരിക്കുന്നതിൽ സൎവ്വോപരി തിളങ്ങുന്ന സഹൃദയത്വത്തെ പാണ്ഡിത്യമാണെന്നു ഭയപ്പെട്ടു നിലവിളികൂട്ടിയിരിക്കുന്നതു A. G. W. ൻെറ മനഃസ്ഥിതിക്കു പററിയതാകയാൽ അതിനെപ്പററി വിശേഷിച്ചൊന്നും പറയുന്നില്ല.

ശ്രീമാൻ നായക്കു കലയിലും ചരിത്രത്തിലും ജ്ഞാനമില്ലെന്നും മററും ഉദ്ഘോഷിച്ച നിരൂപകമാനിയുടെ വിലക്ഷണമായ കലാനൈപുണ്യം ഇത്രയും കൊണ്ടു തെളിഞ്ഞിരിക്കുമല്ലോ. ഇനി ആയാളുടെ ചരിത്രജ്ഞാനത്തിൻേറയും പ്രതിപാദനനൈപുണ്യത്തിൻേറയും സ്വഭാവം കൂടി സ്വല്പമൊന്നു പരിശോധിച്ചുനോക്കാം. കാലത്തെക്കുറിച്ചുള്ള A. G. W. ൻെറ ആക്ഷേപം ഇപ്രകാരമാകുന്നു:—"രാമനാട്ടത്തിന്നു മൂലഭൂതമായ കൃഷ്ണനാട്ടത്തിൻെറ പ്രാചീനതയെ ഗ്രന്ഥകാരൻ നിരസിക്കുന്നതു രണ്ടു ന്യായത്തിന്മേലാണ്:

1. രാമനാട്ടകാരൻെറ അമ്മാമനായ കേരളവൎമ്മയും തിരുവിതാംകൂറിലേക്കു ദത്തുപോയ കേരളവൎമ്മയും ഒന്നാണെന്നു സ്ഥാപിക്കപ്പെട്ടിട്ടില്ല;

2. കൃഷ്ണനാട്ടത്തെ സംബന്ധിച്ചുള്ള ഐതിഹ്യം വാസ്തവമായിരിക്കണമെന്നില്ല; എന്നിവയാണ് ആ ന്യായങ്ങൾ. അതിൽ ആദ്യത്തേതിന്നു് ആട്ടക്കഥയുടെ കാലത്തെ സംബന്ധിച്ചുള്ള വിചാരങ്ങളിലൊന്നിലും പ്രസക്തിതന്നെയില്ല. രണ്ടാമത്തേതായ ഐതിഹ്യനിരാസത്തിന്നു പ്രാമാണ്യമില്ല. ഇതൊരു ന്യായംതന്നെയാണെന്നതിൽ സംശയമില്ല. എന്നാൽ ഗ്രന്ഥകാരൻ വീണ്ടും അതിനെ 15-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലേക്കു തള്ളിക്കൊണ്ടുപോകുന്നു. ഗ്രന്ഥകാരൻ രാമനാട്ടകാരന്റെ അമ്മാമനായ കേരളവമ്മയും കൊല്ലവഷം 671-ലെ കൊല്ലം ശിലാലിഖിതത്തിലെ ജയസിംഹവീരകേരളനും ഒരാളെന്നു പ്രതിപാദിക്കുന്നു. കൂടാതെ, ഉദ്ദണ്ഡനാൽ പുകഴ്ത്തപ്പെട്ട ശങ്കരകവിതന്നെയാണു് തമ്പുരാന്റെ ഗുരുവായ ശങ്കരകവിയെന്നും തീച്ച്പ്പെടുത്തുന്നു. തമ്പുരാന്റെ ഗുരുവും ശങ്കരകവിയും ഒരാളെന്നു സമത്ഥിക്കപ്പെട്ടിരുന്നുവെങ്കിൽ ഈ മതം തീച്ച്യായും സ്വീകാര്യംതന്നെയാണു്. എന്നാൽ ഇതൊരു വ്യക്തിഗതമായ അഭിപ്രായം മാത്രമാകയാൽ ഇനിയും ചിന്തിച്ചു തീച്ച്പ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. സ്ഥലകാലങ്ങൾക്കുള്ള അയുക്തതയാൽ ഗുരുവും ശങ്കരകവിയും ഒന്നാവാൻ നിവൃത്തിയില്ലെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ഈ ഐക്യം, കിട്ടാവുന്ന തെളിവുകളാൽ ദുവ്വചമാണെന്നു വന്നിരിക്കയാൽ മററുള്ള അഭ്യൂഹങ്ങളൊക്കെയും അസംബദ്ധങ്ങളാണെന്നു തീച്ച്യാകുന്നുണ്ടു്. മിസ്ററർ നായർ ക്രൂപകം കൊട്ടാരക്കരയാണെന്നു തെററിദ്ധരിച്ചിരിക്കുന്നു. അതിലേക്കു നായക്കു പ്രമാണമായി A. K. പിഷാരോടിയുടെ തിരുവിതാംകൂർ ചരിത്രമെന്ന സ്കൂൾ ടെക്സ്ററുബുക്കല്ലാതെ മറെറാന്നുമില്ലതാനും. സെക്കണ്ടു് പാർട്ടിലെ ചരിത്രസംബന്ധിയായ അഭ്യൂഹങ്ങൾ അനിശ്ചിതവിഷയത്തെ ആധാരമാക്കീട്ടുള്ളവയാകയാൽ മററുപ്രകാരത്തിൽ എത്രതന്നെ വിലയുണ്ടെങ്കിലും നിഷ്ഫലങ്ങൾ തന്നെ. ഈ ന്യൂനതകളെ കഴിയുന്നവേഗത്തിൽ തിരുത്തിയാൽ കൊള്ളാമെന്ന നിഷ്കർശത്തോടുകൂടി പ്രകൃതഗ്രന്ഥത്തെ ഞങ്ങൾ അനുവാചകന്മാക്കു സമപ്പിക്കുന്നു.''

മി: A. G. W. രാമനാട്ടകാരന്റെ അമ്മാമനായ 'വീരകേരളവമ്മ'യുടെ മുമ്പിലുള്ള ''വീര''പദം നിഗരണം ചെയ്തിട്ടുള്ളതെന്തിനായിട്ടാണാവോ? കൊട്ടാരക്കരത്തമ്പുരാന്റെ അമ്മാമനായ വീരകേരളവമ്മയും തൃപ്പാപ്പൂർ സ്വരൂപത്തിലേക്കു കൊല്ലവഷം 798-ൽ ദത്തുപോയ വീരകേരളവമ്മയും ഒരാളെന്നു തീച്ച്യാക്കാൻ നിവൃത്തിയില്ലെന്നു്

"ആട്ടക്കഥ"യിൽ പ്രതിപാദിച്ചിട്ടുണ്ടെന്നതു ശരിയാണ്. എന്നാൽ അതു് കൃഷ്ണനാട്ടം പ്രാചീനമല്ലെന്നതിലേക്കോ രാമനാട്ടം പ്രാചീനമാണെന്നതിലേക്കോ കാരണമായിട്ടില്ല. അങ്ങിനെയാണെന്നു A. G. W. പറഞ്ഞിട്ടുള്ളതു് കേവലം ബുദ്ധിഭ്രമം കൊണ്ടോ മലയാളം വായിച്ചു കാര്യം മനസ്സിലാക്കാനുള്ള ശേഷിക്കുറവുകൊണ്ടോ മറ്റോ ആയിരിക്കാം. മലയാളത്തിൽ ജനിച്ചതുകൊണ്ടോ മലയാളഭാഷ സംസാരിക്കാനോ കുട്ടി വായിക്കാനോ അറിയുന്നതുകൊണ്ടോ ഭാഷയിലുള്ള ഏതു ഗ്രന്ഥവും വിമർശിക്കാമെന്നു വിചാരിക്കുന്നതു കഥയില്ലായ്മയുടെ ഒരു വകഭേദം മാത്രമാവാനേ തരമുള്ളു. 'ആ പ്രസ്താവത്തിന്നു ആട്ടക്കഥയുടെ കാലത്തെ സംബന്ധിച്ചുള്ള വിചാരപ്രകാരങ്ങളിൽ ഒന്നിലും ഒരുവിധത്തിലും പ്രസക്തിയില്ലെ'ന്നു പറയുന്ന A. G. W. അവർകളുടെ വിവേകം വിചിത്രം എന്നോ വിലക്ഷണമെന്നോ എന്താണ് പറയേണ്ടതെന്നു രൂപമില്ല. രാമനാട്ടകാരൻ തന്റെ അമ്മാമനായി നിർദ്ദേശിച്ചിരിക്കുന്ന വീരകേരളവർമ്മ കൃഷ്ണനാട്ടകാലത്തു ജീവിച്ചിരുന്ന ദത്തനായ വീരകേരളവർമ്മയാണെന്നു ഒരു വാദം നിലവിലിരിക്കെ, അതിനെ നിരസിക്കാതെ രാമനാട്ടത്തിന്നു കൃഷ്ണനാട്ടത്തിലും പ്രാചീനതയുണ്ടെന്നുള്ള അഭിപ്രായം നിലനില്ക്കുന്നതാണോ? അത്യന്തമാവശ്യകമായ താദൃശനിരസനം കാലവിചാരത്തിൽ സർവ്വഥാ അനാവശ്യമാണെന്നു ഒരു സചേതനൻ പറയുമോ? ചരിത്രത്തിലും പ്രതിപാദനപ്രകാരത്തിലും A. G. W. അവർകൾക്കുള്ള വിവേകം അന്യാദൃശമാണെന്നതിലേക്കു വേറെ തെളിവെന്തിന്?

രണ്ടാമത്തെ ന്യായത്തിന്നു പ്രാമാണ്യമില്ലെന്നും അതൊരു ന്യായമാണെന്നതിന്നു സംശയമില്ലെന്നും എന്നാൽ മി. നായർ കാലം കുറെ കൂടി പ്രാചീനമാക്കുന്നുവെന്നും മറ്റും പറഞ്ഞിരിക്കുന്നതിലെ പരസ്പരബന്ധം മനസ്സിലാക്കാൻ A. G. W. അവർകൾക്കുള്ളപോലെ വിലക്ഷണമായ ബുദ്ധിയും വിവേകവും വേണ്ടതായിരിക്കുന്നു. കാലത്തിന്നും സ്ഥലത്തിന്നും വളരെ അകല്ച്ചയുള്ളതുകൊണ്ടു ശങ്കരകവി ആട്ടക്കഥയുണ്ടാക്കിയ കൊട്ടാരക്കരത്തമ്പുരാന്റെ ഗുരുവാകാൻ നിവൃത്തിയില്ലെന്നു നിരൂപകൻ ഉറപ്പിച്ചു പറയുന്നു. എന്തൊരുറപ്പ്! ശങ്കരകവിയുടെ കാലത്തു അദ്ദേഹത്തിന്റേയും രാമനാട്ടകാരന്റെ കാലത്ത് അദ്ദേഹത്തിന്റേയും കൂടെയായിരുന്നിരിക്കുമോ നിരൂപകൻ? ജാംബവാൻ, ഹനുമാൻ എന്നീ ചിരംജീവികളുടെ കൂട്ടത്തിൽ A. G. W. അവർകൾക്കും ഒരു സ്ഥാനം ഉണ്ടായിരിക്കുമോ? അല്ലെങ്കിൽ വേറെ കാരണമൊന്നും കാണിക്കാനില്ലാതിരിക്കെ ഇത്രത്തോളം ഉറപ്പ് എങ്ങിനെയുണ്ടാകും?

അതുമിതും പറയുന്നവരോട് എന്തു സമാധാനമാണുള്ളത്? ഇത്തരം നിരൂപകമാനികൾ കേരളത്തിലുണ്ടെന്നു മുൻകൂട്ടി ദർശിച്ച് ആവകക്കാരുടെ ആക്ഷേപം തന്റെ ഗ്രന്ഥത്തിന്നു വിഷയമല്ലെന്നു അവതാരികയിൽ പ്രസ്താവിച്ച ഗ്രന്ഥകർത്താവിന്റെ ക്രാന്തദർശിത്വം അത്ഭുതാവഹം തന്നെ. A. G. W. അവർകൾ അവതാരികയിലെ നാലാം ഭാഗത്തിൽ പറഞ്ഞിരിക്കുന്നതെങ്കിലും വായിച്ചു മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇങ്ങിനെ അസംബന്ധം പറയുമായിരുന്നോ? ശ്രീമാൻ നായർ പ്രതിപാദിച്ചിരിക്കുന്നതു സ്വന്തം അഭിപ്രായം തന്നെ. എന്നാൽ ശങ്കരകവിയും കൊട്ടാരക്കരത്തമ്പുരാന്റെ ഗുരുവും ഒരാളല്ലെന്നതിലേക്കു വിശ്വാസയോഗ്യമായ തെളിവൊന്നും കാണിക്കാതെ അതിന്നു നേരെ കൊഞ്ഞനം കാട്ടുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ലെന്നു പറഞ്ഞുകൊള്ളുന്നു.

ദേശത്തിനുള്ള അകൽച്ച ശങ്കരകവി തമ്പുരാന്റെ ഗുരുവാകുന്നതിലേക്കു പ്രതിബന്ധകമാണെന്ന് ചരിത്രജ്ഞാനം പോകട്ടെ, ലോകജ്ഞാനമെങ്കിലുമുള്ള ഒരാൾ വിചാരിക്കുമെന്നു തോന്നുന്നില്ല. പോരെങ്കിൽ, ശങ്കരകവിയുടെ വിഷയത്തിൽ അത്തരം സംശയത്തിന്ന് അവകാശമില്ലെന്ന വസ്തുത ആട്ടക്കഥയിലെ 96, 97, 98, എന്നീ ഭാഗങ്ങളിൽ സവിസ്തരം ഉപപാദിച്ചിട്ടുമുണ്ട്. ഇങ്ങിനെയിരിക്കെ, ശക്തിമത്തായ ഉപകരണമൊന്നും കൂടാതെ വെറുംകൈയ്യുകൊണ്ട് ശ്രീമാൻ നായരുടെ അഭ്യൂഹങ്ങൾക്കു നേരേ ആകാശമുഷ്ടിപ്രഹാരം നടത്തുന്നതു അവഹേളാസ്പദവും അനാരോഗ്യകരവും മാത്രമാണെന്ന് ഉദ്ബോധിപ്പിക്കേണ്ടതായിരിക്കുന്നു.

A. G. W. നിരൂപണമെഴുതുന്ന സമയം, "മി: നായർ കൂപകം കൊട്ടാരക്കരയായി തെററിദ്ധരിച്ചിരിക്കുന്നു"വെന്നു സ്വപ്നം കണ്ടിരിക്കാം. ആദിത്യവർമ്മ ചിറവായ് സ്വരൂപത്തിലെ ഒരു താവഴിയെ തന്റെ ഇളമസ്ഥാനം നൽകി, എളയിടത്തു സ്വരൂപമായി പ്രതിഷ്ഠിച്ചിട്ടുള്ളതാണ് കൊട്ടാരക്കര രാജവംശമെന്നും, അതുകൊണ്ടു കൂപകരാജാവായ വീരകേരളവർമ്മയെ കൊട്ടാരക്കരത്തമ്പുരാൻ തന്റെ അമ്മാമനായി നിർദ്ദേശിച്ചിരിക്കുന്നതു് അയുക്തമല്ലെന്നുമാണ് "ആട്ടക്കഥ"യിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഇങ്ങിനെയിരിക്കെ കൂപകത്തെ കൊട്ടാരക്കരയായി മി: നായർ തെററിദ്ധരിച്ചിരിക്കുന്നുവെന്നു പറയുന്നതു് സ്വപ്നമോ മതിഭ്രമമോ ഏതാണെന്നു മററുള്ളവർ തീർച്ചയാക്കുകയാണ് നല്ലതു്.

ഉപജീവ്യവിഘാതിയായ A- G. W. ൻെറ ടെക്സ്റ്റുബുക്കുകളിലുള്ള അവജ്ഞാപ്രകടനം കേവലം കൃതഘ്നതാപ്രകാശനത്തിലാണ് പര്യവസാനിക്കുന്നതു്. ശങ്കരകവിയും കൊട്ടാരക്കരത്തമ്പുരാൻെറ ഗുരുവും ഒന്നല്ലെന്നതിലേക്കു സാധകമായി ഈ പുതിയ വിമർശകന്നു ലഭിച്ചവയോ ലഭിക്കാവുന്നവയോ ആയ തെളിവുകൾ എന്താണാവോ? അഥവാ, വാചാശ്ശൂരന്മാരുടെ വാക്കുകൾക്കുണ്ടോ വല്ല വിലയും നിലയും? എന്തിന് സമയം കളയുന്നു? ജ്ഞാനലവദുർവ്വിദഗ്ദ്ധന്മാരായ വിമർശകംമന്യന്മാർക്കു വിഹരിക്കുവാനുള്ള സ്ഥലം ആട്ടക്കഥയെപ്പോലെ പ്രൌഢങ്ങളായ ഗ്രന്ഥങ്ങളല്ലെന്നുമാത്രം അവസാനമായി സവിനയം ഓർമ്മിപ്പിക്കുകയും "ശാഠ്യം സദാദുർജ്ജനേ" എന്ന ന്യായമനുസരിച്ച് ഇത്രത്തോളം പറയേണ്ടിവന്നതിൽ വ്യസനിക്കയും ചെയ്തുകൊണ്ട് തല്ക്കാലം വിരമിക്കുന്നു.

"കേചിൽ ജ്വലന്തി വികസന്ത്യപരേ നിമീല-
ന്ത്യന്യേ സമഭ്യുദയഭാജി ജഗൽപ്രദീപേ"

എന്ന ലോകസ്വഭാവവും ആലോചിക്കേണ്ടതാണല്ലോ.

എ. ഗോപാലമേനോൻ. (മീമാംസാശിരോമണി)

## പൂവനത്തിൽ.

(1) പാണിച്ചില്ലയിലുണ്ണിമാങ്ങകളെ ലാളിയ്ക്കുന്ന തൈമാവിനും
മാണിക്യക്കുടമേന്തിവാരൊളിതുളുമ്പീടുന്ന ചെന്തെങ്ങുകൾ
കാണിയ്ക്കുള്ളുകവർന്ന കുമ്പണിയിളം പൂങ്കന്ദളീവൃന്ദവും
ക്ഷോണിത്തട്ടുമറച്ചുകൊണ്ടൊരു വനം കാണുന്നു സമ്മോഹനം.

(2) പൂച്ചാപല്യമിയന്ന പല്ലവലസദ്വല്ലീമതല്ലികളിൽ-
പ്പുച്ചില്ലകളിൽക്കളിപ്പു കുതുകാൽ മഞ്ഞക്കിളിക്കുഞ്ഞുകൾ
ഉച്ചത്തിൽക്കളഗീതിയാലവ, പൊഴിയ്ക്കുന്നു പദം മെല്ലമേൽ-
വെച്ചാടും വനിതൻെറ മഞ്ജിമയെഴും മഞ്ജീരശിഞ്ജാരവം!

(3) പുള്ളിപ്പൂമൂടുമെയ്യുമായ്പ്പലയിടം പുല്ലിൽപ്പുളച്ചെത്രയോ
തുള്ളിച്ചാടിന മാൻകിടാങ്ങൾ മരുവുന്നാപ്പൂവനം പൂവനം.
വള്ളിപ്പൊൽക്കുടിൽ വിട്ടുവിണ്ടലമണഞ്ഞാ ഹോമധൂമത്തിനു-
ലുള്ളിൽ ഭക്തിയുയർത്തിടുന്നു, പുളകോല്ലമ്പം കരം കൂമ്പവെ.

(4) ചേലിൽക്കുലഗകിംശുകങ്ങൾ കൊഴിയെത്തണ്ണീരുമഞ്ഞച്ചെഴം
മാലിന്യാപഗ പൊന്നുകാഞ്ചിയണിയിച്ചാരമ്യയാം വാടിയെ,
പാലിയ്ക്കുന്ന ദിവാനിശം യമിവരൻ കണ്വർഷിസീമന്തിനീ-
മൌലിത്തുമണി മേനകാതനയയെപ്പോലെ ദയാതുന്ദിലൻ!

(5) നീത്താരിൻ മണവും ചുമന്നു തറമേൽ മുററിത്തഴച്ചുള്ളിളം
തൃത്താവിന്നിതളൊട്ടിളക്കിയ മണിക്കാറെറാന്നു ലാത്തുന്നിതിൽ,
ഹൃത്തട്ടാർക്കമുടൻ വിശുദ്ധി കലരും കൈവല്യമാർഗ്ഗത്തിലേ-
യ്ക്കൂത്താൻ നേർവഴികാട്ടി വെൽവൂ, കനിവൂ! മൂർദ്ധാവു കൂപ്പാവൂ ഞാൻ.

(6) സ്വസ്തി,ശ്രീയമിപുണ്യദേശ്ന! ഭവത്ത്രേതാഗ്നിഹോമത്തിലീ-
മസ്തിഷ്കങ്ങൾ വളത്തചിന്തകൾ പുറം തള്ളുന്ന ധൂമാംസിയാൽ,
വിസ്തീർണ്ണാംശയെ വെട്ടിനീക്കിയുടനേ വൈരാഗ്യമാപിയ്ക്കുവാം-
നാസ്തിക്യാമലബുദ്ധിതൻ തെളിവെളിച്ചത്തെത്തരുന്നു സദാ!

(7) ഉങ്ങിൻ പൂന്തണലിൽക്കവൂത്തിയ കുടം കൈത്തണ്ടുകൊണ്ടോക്കിലായ്
ത്താങ്ങിത്തിങ്കൾമുഖത്തുവണ്ടണിപറപ്പിച്ചും കിതച്ചും രയാൽ
തിങ്ങിക്കൂടിയ മാറിനാൽക്കനിയുമംഗം പൂണ്ടൊരാരോമലാ-
ളങ്ങിങ്ങാവനിയിങ്കൽ ഭംഗികൾ തുളുമ്പിക്കൊണ്ടു നില്ക്കുന്നിതാ!

(8) ചെങ്കുന്നിക്കുരുമാലയിട്ടുടൽ, മരത്തോലാൽ മറച്ചും നിറം
തങ്കും പൂങ്കവിൾ വേപ്പണിഞ്ഞു മധുരസ്മേരാനനാംഭോജയായ്
തേൻകുഞ്ജത്തിനടുത്തു പൂക്കളെയറുക്കാനായി നില്ക്കുന്നൊരാ-
പ്പെൺകുഞ്ഞല്ലി! ശശാങ്കവംശദിവസത്തിൻ പൊന്നുഷസ്സായവൾ!

(9) ആവർണ്ണ്യാംഗനതൻെറ ശുദ്ധചരിതം പാടിക്കവീശന്നെഴും
നാവന്നാശയൊടുക്കിയില്ല, മധുരിയ്ക്കുമ്പോൾ സ്മരിപ്പോളവും
കൈവന്നീടിനഭക്തിയാൽ മുനിസുതേ! മാൻകുട്ടികൾക്കംബികേ!
കാൽവന്ദിപ്പൂ! ശകുന്തളേ! പുളകദം ഭാവൽക ഗീതാമൃതം!

(10) സൌന്ദര്യത്തിനുരത്നശാല, വിലസും സംസ്കാരസമ്പത്തിനാം-
പ്പൊൻദോശ്രുത്തമപഞ്ജരം, വിമലതയ്ക്കാക്കൊച്ചലപ്പാൽപ്പുഴ,
വൻദാനത്തിനു കല്പവല്ലിക, മഹാചാരിത്രദീപത്തിനാ-
നന്ദാഗാരവുമാംശകുന്തളലസിയ്ക്കുന്നു യശോരൂപിണി!

പുഴയ്ക്കൽ, ടി. ആർ. നായർ.

## കവീന്ദ്രാചാര്യസരസ്വതി.

1

തഞ്ചാവൂർ സരസ്വതീമഹാൾ, ബറോഡാ രാജകീയഗ്രന്ഥമന്ദിരം, കൽക്കത്താ പുസ്തകാലയം എന്നിവയിലെ കൈയെഴുത്തുഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ ചില ഗ്രന്ഥങ്ങളിൽ 'ഇതു സർവ്വവിദ്യാനിധാനകവീന്ദ്രാചാര്യസരസ്വതി അവർകളുടെ ഗ്രന്ഥം' എന്നു വലിയ അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നതു കാണാം. ആ മഹാത്മാവിനെ സംബന്ധിച്ച് അറിയാനിടവന്നിട്ടുള്ള വിവരങ്ങളെ ഇതിനുപരിസംഗ്രഹിച്ചു ചേർക്കുന്നു.

ഭാരതത്തിലെ മഹാപുരുഷന്മാരുടെ കൂട്ടത്തിൽ ഒരുന്നതസ്ഥാനം അർഹിക്കുന്ന ആളാണ് (1) കവീന്ദ്രാചാര്യൻ. ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്ന് എന്ന വിഖ്യാതിനേടിയ താജ്മഹാൾ പണിയിച്ച ഷാജഹാൻ ഭാരതാധീശ്വരനായിരുന്നകാലത്തു കാശിയിൽ വസിച്ചിരുന്ന പണ്ഡിതന്മാരുടേയും സന്ന്യാസിമാരുടേയും നായകനായിരുന്നു സനാതനധർമ്മത്തെ സംരക്ഷിച്ച ദിവ്യനായിരുന്ന കവീന്ദ്രാചാര്യസരസ്വതി.

ക്രി. പി. പതിനഞ്ചാംനൂററാണ്ടു മുതൽ കാശീനഗരം ഭാരതത്തിലെങ്ങുമുള്ള വിദ്വന്മണികളുടെ സമ്മേളനരംഗമായി വിളങ്ങി. സൽഗ്രന്ഥങ്ങൾ പലതും നിർമ്മിച്ചു സുപ്രസിദ്ധനായിത്തീർന്ന നാരായണഭട്ടർ പതിനാറാം ശതവർഷത്തിൽ അവിടെ പാർത്തിരുന്നു. മഹമ്മദീയരാൽ ഇടിച്ചു തള്ളപ്പെട്ട കാശീവിശ്വേശ്വരക്ഷേത്രത്തെ അദ്ദേഹമാണ് വീണ്ടും പണിയിച്ചതു്. മുകിലാധിപന്മാരാൽ ഹിന്ദുമതധ്വംസനാർത്ഥം ഏർപ്പെടുത്തപ്പെട്ട വ്യവസ്ഥകളെ സധൈര്യം എതിർത്തു പോരാടി ഹിന്ദുക്കളെ സഹായിച്ച കാശിയിലെ പണ്ഡിതാഗ്രണികളുടെ സമൂഹത്തിൽ കവീന്ദ്രാചാര്യരാണ് മുമ്പൻ. ക്രി. പി. 1632-ൽ ഷാജഹാൻ ഹിന്ദുക്കൾക്കു ദുസ്സഹമായ ചില നടപടികൾ തുടങ്ങി. ജഹാംഗീർ ഹിന്ദുക്കളുടെ ദേവാലയനിർമ്മാണത്തെ തടുത്തിരുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ പുത്രനായ (2) ഷാജഹാൻ ക്ഷേത്രാഭിവൃദ്ധിയെത്തടയാൻ പ്രത്യേകം ശ്രമിച്ചു. കെട്ടിക്കഴിഞ്ഞതും കെട്ടിവരുന്നതുമായ എല്ലാ

(1) Indian Antiquary, Vol XLI. pp. 11, 12.
(2) D. R. Bhandarkar Volume, pp. 159—165

ക്ഷേത്രങ്ങളേയും നശിപ്പിക്കണമെന്നു കല്പന പുറപ്പെടുവിച്ചു. കാശി ജില്ലയിലെ എഴുപത്തിനാലു ദേവാലയങ്ങൾ ഷാജഹാൻെറ നിയോഗാനുസാരം ഇടിക്കപ്പെട്ടു.

ക്ഷേത്രങ്ങളെ ഇടിച്ചതുകൊണ്ടുമാത്രം ചക്രവത്തി തൃപ്തിപ്പെട്ടില്ല. കാശിയിലും പ്രയാഗയിൽ ത്രിവേണിയിലും ഗംഗാസ്നാനം ചെയ്യുന്നതിനു ഒരു നികുതി ഏപ്പെടുത്തി. ഹിന്ദുക്കളുടെ പ്രധാനകടമകളിൽ ഒന്നായി കരുതപ്പെടുന്നതാണു് ഗംഗാസ്നാനം. അതിനു പ്രതിബന്ധമുളവായതോടുകൂടി ഹിന്ദുക്കൾക്കുണ്ടായ സന്താപം ഇന്നവിധമായിരുന്നു എന്നു വണ്ണിക്കുക വിഷമം. വിശേഷിച്ചും പാവപ്പെട്ടവക്കുളവായ മനോവ്യഥ വാചാമഗോചരമായിരുന്നു. അക്കാലത്തു കാശിയിൽ സ്വഭവനത്തിൽ പാത്തിരുന്ന ഒരു സന്യാസി ഓലഗ്രന്ഥങ്ങൾ പരിശോധിച്ചുകൊണ്ടും കണക്കെഴുത്തുകാരനായ കൃഷ്ണഭട്ടരോടും ശിഷ്യഗണങ്ങളോടും സംഭാഷിച്ചുകൊണ്ടും ഇരിക്കുകയായിരുന്നു. പെട്ടെന്നു അവിടത്തെ പണ്ഡിതവഗ്ഗം പ്രസ്തുതയതീന്ദ്രനെ അഭയം പ്രാപിച്ചു. "പ്രഭോ, പണ്ടു ഹിരണ്യാക്ഷനാൽ സമുദ്രാന്തർഭാഗത്തിലേക്കു കൊണ്ടുപോകപ്പെട്ട ഭൂമിയെ ഭഗവാൻ ഉദ്ധാരണം ചെയ്തു. ഇന്നു മുകിലചക്രവത്തിയുടെ നികുതിയാകുന്ന സമുദ്രത്തിനുള്ളിൽ നിമഗ്നമായിക്കിടക്കുന്ന കാശിയേയും പ്രയാഗയേയും അവിടുന്നുതന്നെ ഉദ്ധരിക്കണം." എന്നാണു് അവർ അപേക്ഷിച്ചതു്. സന്യാസികളിൽ പ്രധാനികളായിരുന്ന ബ്രഹ്മേന്ദ്രൻ, പൂണ്ണേന്ദ്രൻ, ശിവരാമസരസ്വതി എന്നിവരും ശക്തിമത്തായ പ്രേരണ നൽകി. പുസ്തകശോധനയിൽ വ്യാപൃതനായിരുന്ന സിദ്ധൻ കവീന്ദ്രാചാര്യസരസ്വതി കുറേനേരത്തെ ആലോചനകഴിഞ്ഞു എന്തോ തീരുമാനിച്ചശേഷം ആഗതരെ സമാധാനപ്പെടുത്തി അയച്ചു.

ഷാജഹാൻെറ കൊട്ടാരവാതുക്കൽ പ്രതിദിനം മഹാതേജസ്വിയായ ഒരു പുണ്യപുരുഷൻ നിന്നിരുന്നതു പലരുടേയും ശ്രദ്ധക്കു വിഷയമായി. വിവരം ചക്രവത്തിയും അറിഞ്ഞു. 'ഹിന്ദുസന്യാസി' എന്നു കേട്ടപ്പോഴേക്കും രാജകുമാരൻ ദാരാശിക്കോവിൻെറ ഹൃദയം ഉരുകി. ദാരാ, ഹൈന്ദവഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിൽ തീവ്രമായ താല്പര്യം പ്രദശിപ്പിച്ചിരുന്നു. ആ രാജകുമാരൻ, ചക്രവത്തിയെ സന്ദശിക്കുന്നതിനു നമ്മുടെ സന്യാസിക്കുവേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുത്തു. സന്യാസി രാജസമക്ഷം സന്നിഹിതനായി. രാജസഭയിൽ പല തുരുഷ്കനായകന്മാരും ബാങ്കി എന്ന പാശ്ചാത്യനും ചക്രവത്തിയും ദാരായും

ആസനസ്ഥരായിരുന്നു. ഏററവും ശാന്തതയോടും മൃദുലവാണികളോടും കൂടി കവീന്ദ്രാചാര്യൻ ഹിന്ദുധർമ്മത്തിൻെറ ഉന്നതലക്ഷ്യങ്ങളെ വിശദമാക്കി. ഹൈന്ദവശാസ്ത്രങ്ങൾ, കലകൾ എന്നിവയെപ്പററി ചക്രവത്തി പല സംഗതികൾ ആചാര്യരിൽനിന്നു ഗ്രഹിച്ചു. സന്ന്യാസിയുടെ വൈദുഷ്യംകണ്ടു സന്തുഷ്ടനായ ഷാജഹാൻ അദ്ദേഹത്തിനു 'കവീന്ദ്രൻ' എന്ന ബിരുദം നൽകി. കവീന്ദ്രാചാര്യരുടെ പ്രഭാഷണങ്ങൾമൂലം ചക്രവത്തിയുടെ മതവൈരാഗ്യത്തിനു മാററമുണ്ടായി. അദ്ദേഹവും പുത്രൻ ദാരായും ആചാര്യരിൽനിന്നു ശങ്കരഭഗവൽപാദരുടെ അദ്വൈതസിദ്ധാന്തത്തെപ്പററി അറിയാൻ താല്പര്യപ്പെട്ടു. ആചാര്യർ ശങ്കരഭാഷ്യത്തെ ആസ്പദമാക്കി ഉപന്യസിച്ചു. ഇത്രയുമായപ്പോൾ അതിശയകരമായ വിധത്തിൽ ചക്രവത്തിക്കു മാനസാന്തരം ഉണ്ടായി. കവീന്ദ്രക്കു ധാരാളം ധനം നൽകാൻ കല്പിച്ചു 'പ്രഭോ, കല്ലും കനകവും ഒന്നായിക്കാണുന്ന സന്ന്യാസിക്കു പണമെന്തിന്? തിരുമനസ്സിൽനിന്നു ലഭിക്കാൻ ഞാൻ ആഗ്രഹിക്കുന്ന മഹാദാനം ഒന്നുമാത്രമാണ്. അതു തന്നരുളിയാലും!' എന്നു ആചാര്യർ ഉണത്തിച്ചു.

"ആ മഹാദാനം എന്താണ്?" എന്നു ചക്രവത്തി ചോദിച്ചു.

'ലോകത്തിൻെറ മാലിന്യം മുഴുവൻ മായ്ക്കാൻ വല്ലഭമുള്ള ഗംഗയിൽ എൻെറ മതക്കാർ വിശേഷദിവസങ്ങളിൽ സ്നാനം ചെയ്യുന്നതിനു പ്രതിബന്ധമായി അവിടുന്നു ഏപ്പെടുത്തിയിട്ടുള്ള നികുതിയെ മാററണം. ഞങ്ങൾക്കു തീർത്ഥസ്നാനം എന്ന മഹാദാനം ലഭിക്കണം' എന്നു സന്ന്യാസി പ്രസ്താവിച്ചു.

ഇതു കേട്ടപ്പോൾ ചക്രവത്തി എന്താണ് പറയേണ്ടതെന്നറിയാതെ കുഴങ്ങി. ദാരായെയും ഇതരസദസ്യരേയും ഉററുനോക്കി. സകലരും കവീന്ദ്രരുടെ തേജസ്സിനാൽ ആകൃഷ്ടരായി നിശ്ചലരായിനിന്നു.

## II

ആ സംവത്സരം മകരത്തിൽ സൂര്യൻ സംക്രമണം ചെയ്യും. പുണ്യദിനം. ഹിന്ദുക്കൾ സകലരും ഈ ആണ്ടിൽ ഉത്തരായണപുണ്യകാലത്തിൽ ഗംഗാസ്നാനം ചെയ്യുന്നതിനുള്ള ഭാഗ്യം കിട്ടുകയില്ലെന്നു കരുതി സങ്കടപ്പെട്ടു. മകരത്തിൽ പ്രവേശിക്കുന്ന സൂര്യൻെറ തേജസ്സുതന്നെയോ എന്നു തോന്നത്തക്കവണ്ണം യാദൃച്ഛികമായി രാജസന്നിധിയിൽ ചെന്നിരുന്ന കവീന്ദ്രാചാര്യർ കാശിയിലെ പണ്ഡിതമണ്ഡലത്തിൻെറ നടുവിൽ തിരിച്ചെത്തി.

"ആസ്തികശിരോമണികളേ, നാളത്തെ പുണ്യകാലം പാഴാക്കാതെ കാശി, പ്രയാഗമുതലായ പാവനതീർത്ഥങ്ങളിൽ എല്ലാവക്കും സ്നാനം ചെയ്യാവുന്നതാണ്" എന്നു ആചാര്യർ അരുളിച്ചെയ്തതുകേട്ട ജനതതി സന്തോഷാധിക്യംമൂലം കുതിച്ചു ചാടി. ഈ ആനന്ദവാർത്ത കാട്ടുതീപോലെ അതിശീഘ്രം എങ്ങും പരന്നു.

മകരസംക്രമത്തിനു ഗംഗയിൽ സ്നാനം ചെയ്തവക്കു കവീന്ദ്രാചാര്യൻ ദാനങ്ങൾ ചെയ്തു. സന്യാസിയുടെ പക്കൽ ധനമേതു് എന്നിങ്ങനെ എല്ലാവരും വിചാരിക്കാതിരുന്നില്ല. ഷാജഹാൻ കരം നിർത്തിയതു കൂടാതെ ഗംഗാസ്നാനം ചെയ്യുന്ന സജ്ജനങ്ങൾക്കെല്ലാം നൽകുന്നതിനായി നിരവധി ദ്രവ്യം കവീന്ദ്രർ വശം കൊടുത്തയക്കയും ചെയ്തിരുന്നു.

പുണ്യകാലമായപ്പോഴേക്കം കവീന്ദ്രന്റെ പാർപ്പിടം ക്ഷേത്രമായിത്തീന്നു. അവിടെ വന്നു അദ്ദേഹത്തെ വാഴ്ത്തിയിട്ടുപോയ ജനങ്ങൾക്കു കണക്കില്ല. അന്നത്തെ കവികളും പണ്ഡിതന്മാരും പ്രശംസാപത്രങ്ങളും ആശംസാപദ്യങ്ങളുമായി ആചാര്യരെ വണങ്ങി. അദ്ദേഹം സകലരേയും യഥായോഗ്യം ആദരിക്കുകയുണ്ടായി. വിദ്വാന്മാക്കു ചക്രവത്തിയുടെ പേരിൽ പാരിതോഷികങ്ങൾ നൽകി.

ആചാര്യക്കുലഭിച്ച കവിതാരൂപത്തിലുള്ള പ്രശംസകളെ സമാഹരിച്ച് അദ്ദേഹത്തിന്റെ കണക്കെഴുത്തുകാരനായ കൃഷ്ണഭട്ടർ 'കവീന്ദ്രചന്ദ്രോദയം, (3) എന്ന ഒരു ഗ്രന്ഥമാക്കി. ഇതു അടുത്തകാലത്തു പൂനയിലെ പൗരസ്ത്യഗ്രന്ഥാവലിയിൽ അറുപതാമത്തേതായി മുദ്രണം (4) ചെയ്യപ്പെട്ടിട്ടുണ്ട്. ഏതൽപ്രശസ്തികളുടെ കൂട്ടത്തിൽ ദ്രാവിഡദേശകവികളുടെ പദ്യങ്ങളും കാണപ്പെടുന്നു. ദക്ഷിണാപഥത്തിലെ ലീലാധരഭട്ടകവി, കവീന്ദ്രരെ തന്റെ നാട്ടിൽ വന്നു അവിടെ വ്യാപിച്ചിരിക്കുന്ന അനീതികൾക്കു നിവാരണം വരുത്തണമെന്നു അപേക്ഷിച്ചു. കവീന്ദ്രർ ആ ക്ഷണത്തെ അംഗീകരിക്കുകയുണ്ടായി. ആദ്ദേഹത്തിനു ഭാരതത്തിന്റെ നാനാഭാഗങ്ങളിലും സഹപ്രവത്തകന്മാരുണ്ടായിരുന്നു. ഇങ്ങനെ അദ്ദേഹത്തോടൊന്നിച്ചു പ്രവത്തിച്ചവരിൽ ഒരാളായ പത്മനാഭാശ്രമർ ദക്ഷിണദേശത്താണ് പാർത്തിരുന്നതു്. കാശി, പ്രയാഗ എന്നിവയെ മാത്രമല്ല എല്ലാ തീത്ഥങ്ങളേയും ക്ഷേത്രങ്ങളേയും ആചാര്യർ അക്രമനികുതികളിൽനിന്നു വിമുക്തമാക്കി. കവീന്ദ്രരിൽനിന്നു വ

(3) Dr. Haradatta Sharma's article in M. M. Kuppusvami Sastri:—Commemoration Volume.
(4) Poona Oriental Series No. 60.

PRESENTED BY SRI M. K. VASUDEVAN NAIR MANIYARA VEEDU MALAYINKIL

ന്നിരുന്ന കത്തുകൾക്കു രാജകീയോദ്യോഗസ്ഥന്മാർ മുൻഗണന നൽകി വന്നു, അന്യമതക്കാരിൽനിന്നുണ്ടായിക്കൊണ്ടിരുന്ന പീഡകൾക്കു ശമനം വരുത്തിയതുകൊണ്ടു മാത്രം അദ്ദേഹം തൃപ്തിപ്പെട്ടില്ല. മതാനുഷ്ഠാനങ്ങളിൽ അനേകം പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി. അന്നു കവികളും ശാസ്ത്രജ്ഞന്മാരും പോലും മതാനുഷ്ഠാനങ്ങളിൽ കൃത്യത പരിപാലിച്ചിരുന്നില്ല. അവരെയെല്ലാം അനുഷ്ഠാനങ്ങളിൽ നിഷ്ഠയുള്ളവരാക്കി. വേദാധ്യയനം ചെയ്തിട്ടുള്ളവരുടെയിടയിൽ പടന്നിരുന്ന തൊഴിലില്ലായ്മയെ മാററാൻ വ്യവസ്ഥചെയ്തു. ആചാര്യക്കു സമർപ്പിക്കപ്പെട്ട പ്രശംസാപദ്യങ്ങളിൽ ആ മഹാൻെറ അസംഖ്യം വിശിഷ്ടകൃത്യങ്ങളെ വർണ്ണിച്ചുകാണുന്നു.

ഗോദാവരീതീരത്തു പുണ്യഭൂമി എന്ന അഗ്രഹാരത്തിലായിരുന്നു അദ്ദേഹത്തിൻെറ ജനനം. ആചാര്യർ ഋഗ്വേദം ആശ്വലായനശാഖയിൽപ്പെട്ടയാളായിരുന്നു. ബാല്യത്തിൽ കാവ്യശാസ്ത്രങ്ങൾ അഭ്യസിച്ചശേഷം സന്യാസം കൈക്കൊണ്ടു വിശേശ്വരസങ്കേതമായ കാശിയിൽ ചെന്നുപാർത്തു. അദ്ദേഹം ശേഖരിച്ചുവച്ച കൈയെഴുത്തുഗ്രന്ഥങ്ങൾ ഇന്നും നമുക്കു ഉപകാരപ്രദമായിരിക്കുന്നു. ആചാര്യർ ജ്യോതിഷം, ആയുർവേദം, സംഗീതം മുതലായവയിലും വൈദഗ്ധ്യം നേടിയിരുന്നതിനാൽ അത്തരം വിഷയങ്ങളിൽ മറെറങ്ങും ലഭ്യമല്ലാത്ത വിലയേറിയ ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ പുസ്തകശേഖരത്തിൽ കാണ്മാനുണ്ട്. അദ്ദേഹത്തിൻെറ പുസ്തകാലയത്തിൽ പകർപ്പെഴുത്തുകാരുടെ കൂട്ടത്തിൽ മുസ്ലിംനാഗരിലേഖകന്മാരും ഉണ്ടായിരുന്നു.

മഹാപണ്ഡിതനായിരുന്ന കവീന്ദ്രർ വിവിധവിഷയങ്ങളിലായി രചിച്ച അമൂല്യഗ്രന്ഥങ്ങളിൽ പലതും നമുക്കു കിട്ടിയിട്ടില്ല. കവീന്ദ്രകല്പദ്രുമം എന്ന കൃതിയിൽ അദ്ദേഹത്തിൻെറ സരസ്വതീപ്രസാദം നല്ലവണ്ണം കാണാവുന്നതാണ്. ഋഗ്വേദത്തിനു അദ്ദേഹം ഭാഷ്യം നിർമ്മിച്ചു. ദണ്ഡിയുടെ ദശകുമാരചരിതത്തിനു ഒരു വ്യാഖ്യാനം എഴുതി. യോഗഭാസ്കരം എന്നൊരു യോഗശാസ്ത്രഗ്രന്ഥവും ശതപഥബ്രാഹ്മണത്തിനു ഒരു വിശദീകരണവും മീമാംസാസർവ്വസ്വവും യോഗവാസിഷ്ഠത്തിൻെറ സംഗ്രഹരൂപത്തിലുള്ള ഹിന്ദീഭാഷാന്തരവും അദ്ദേഹത്തിൻെറ വകയായി ലഭിച്ചിട്ടുണ്ട്.

സന്യാസിയായിരുന്നുകൊണ്ടു സനാതനധർമ്മപോഷണാർത്ഥം അശ്രാന്തപ്രയത്നം ചെയ്ത കവീന്ദ്രരുടെ പവിത്രസ്മരണ, ഇന്നു പലതരം വൈഷമ്യങ്ങളിൽപ്പെട്ടു നട്ടംതിരിയുന്ന ഹൈന്ദവധർമ്മത്തിനുവേണ്ടി സേവനമനുഷ്ഠിക്കാൻ നമ്മുടെ നാട്ടുകാർക്കു പ്രചോദകമായിത്തീരുമാറാകട്ടെ!

വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള ബി. ഒ. എൽ

# വിവാഹമംഗളം. *

തെല്ലല്ലേ മോദമെന്തോ ശരി ശരി: പഴനെല്ലിപ്പുറത്തെന്നതെയ്യം-
ട്ടില്ലത്തെബ്ഭാഗ്യകല്പദ്രുമലതയമിതാനന്ദമൂഢാനുരാഗം
അല്ലല്ലാ ചേർന്നിണങ്ങീ സുരതരുവിഭവൻതാൻ 'പിലാന്തോൾ'മൊന്നി-
ച്ചില്ലത്താചന്ദ്രതാരം വിലസിടുക സുഖം സ്ഥാനമാനങ്ങൾ നേടി.

നടുവത്തു മഹൻനമ്പൂതിരി.

ശ്രീമത്താദയോരരിയ പഴനെല്ലിപ്പുറത്തെന്ന തെയ്യം-
ട്ടാമഞ്ജുപ്പെൺകുലമണി, പുലാന്തോൾമൂസ്സൊത്തിണങ്ങി
പ്രേമക്കോളാണ്ടുചിതസുതധർമ്മാർത്ഥകാമങ്ങൾ നേടി
ക്ഷേമത്തോടേ മരുവുക ചിരം സജ്ജനശ്ലാഘ്യയായി.

ചങ്ങരംകോത കൃഷ്ണൻകർത്താ.

"പ്ലാമന്തോ"ളാഢ്യവൈദ്യാമ്പതജലധിസുധാരശ്മി "നാരായണേന"
പ്രാരബ്ധേ മംഗളേസ്മിൻ വിഭവസുമഹിതേ ശ്ലാഘിതേ ഭൂസുരേന്ദ്രൈഃ
"ബാലാരണ്യേ" ഭിഷഗ്ഭിഃ ഫലിതമിഹ മഹാപുണ്യപൂരേണ പൂർവം
മോദാൽ സമ്പാദിതേന; പ്രചുരകരുണയാ പാതചമൂ വാസുദേവഃ.

നടുവത്തു ശങ്കരൻ നമ്പൂരി.

സുസാരതരതാമമുഷ്യ ജഗതഃ സമാലോച്യ സ-
ദാചാര തദ്ഭൂസുരഃ പ്രഥിതവൈദ്യവിദ്യാനിധിഃ
സുജാതസുതകാഞ്ചനം രുചിരരത്നതോ യോജയൻ
വിരാജതി വിരാജിതഃ സുജനമാനസേ മാനസേ.

കല്യാണാലയ! വാസുദേവ! വിബുധ! ശ്രീമൻ! സുധർമ്മാശ്രിത!
കല്യത്വാകലനാദശേഷസുമനസ്സംരാധ്യ! ദിവ്യാകൃതേ!
കല്യാം കല്പലതേയമദ്യ, ഭവതഃ പ്രേമപ്രകർഷോദിതാം
കല്യാകാരമുപൈതി, ഹാ! സുരതരും; സാനന്ദമാലോക്യതാം.
സാഹിത്യോപേതസംഗീതവദതിരുചിരം യുഷ്മദീയം ദ്വിതീയം
സൗഹിത്യാധായകം സത്പദമിദമുചിതം ഭാസുരം ഭൂസുരാത്മൻ!
സൗന്ദര്യാരോഗ്യസമ്പദ്ഗുണഗണവിലസന്നന്ദനാനന്ദസൗഖ്യം
ദേയാദ്വോ മദ്വിതീയശ്ചിരതരമവനീഭാഗ്യസമ്പത്സമൃദ്ധ്യൈ.

രാജർഷി സംസ്കൃതവിദ്യാലയം. പി. എം. നാരായണൻ നായർ.

കല്യാണശ്രീകളിച്ചുൾക്കളിരൊടു പഴനെല്ലിപ്പുറത്തെന്നതെയ്യം-
ട്ടില്ലത്തുണ്ടായൊ"രുണ്ണിയ്യൂടയൊരുസുതയാം ദേവകിത്തയ്യലാളെ
ചൊല്ലാർന്നീടും പിലാന്തോൾമനയിലവതരിച്ചുള്ള "നാരായണൻമൂ-"
സ്സുല്ലാസാൽ വേട്ടു വിശ്വോത്തരമഹിമപുലർത്തുന്ന വിദ്യാവിദഗ്ദ്ധൻ.

ഗീർവ്വാണീമണിസാഹിതീലത മനോരംഗത്തിലുംസാദരം
നിർവ്വാണപ്രദഗാനമോദിനി സദാ ഗേഹത്തിലും വാഴ്കയാൽ
സർവ്വാനന്ദമിയന്നു സന്തതികളും സമ്പത്തുമുണ്ടായി മേ-
ലുർവ്വീവൈദ്യവിശുദ്ധനായി വളരെക്കാലം വിളങ്ങും ഭവാൻ.

സത്യം, സനാതനപദത്തിലതീവഭക്തി
കൃത്യം കൃപാകരഹൃദന്തമിതേവിധത്തിൽ
നിത്യം ഭവാൻ നിജജനത്തിനു "കല്പവൃക്ഷ"
കൃത്യം നടത്തി വിജയിക്കുക ദീർഘകാലം.

കോട്ടംവരാതലിവൊടിങ്ങു ഭരിച്ചിടുന്ന
വേട്ടക്കരൻെറ പദതാരകതാരിലാക്കി
മട്ടൂറിടുംമൊഴിയൊടൊത്തവിടുന്നു സർവ്വ-
നേട്ടങ്ങളാർന്നമരുവാൻ കനിയട്ടെ ദൈവം.

സമർപ്പകൻ, സമ്പാദകൻ കടമാളൂർ കെ. കെ. ഗോപാലപിള്ള.

---

* തൃശ്ശിവപേരൂർ കിഴക്കമ്പാട്ടുകര അഷ്ടവൈദ്യൻ പഴനെല്ലിപ്പുറത്തു തയ്ക്കാട്ട് വാസുദേവൻമൂസ്സ് അവർകളുടെ പുത്രി ദേവകി എന്ന കന്യകയെ പിലാമന്തോൾ ശങ്കരൻമൂസ്സ് അവർകളുടെ പുത്രൻ നാരായണൻമൂസ്സ് വിവാഹം ചെയ്ത അവസരത്തിൽ സമ്പാദകൻ സമർപ്പിച്ചത്.

## ഭാഗവതം കിളിപ്പാട്ടിലെ ചില പ്രസ്താവനകൾ

ഭാഗവതം കിളിപ്പാട്ടിൻെറ കർത്തൃത്വത്തെപ്പററി സവിസ്തരം ഒരു പഠനം നടത്തിയെന്ന് സ്വയം അഭിമാനിക്കുന്ന മഹോപാദ്ധ്യായ ശ്രീമാൻ പി. വി. കൃഷ്ണൻ നായർ അവർകൾ ബി. ഒ. എൽ. ചെയ്ത ഒരു പ്രസ്താവന ഭീമമായ ഒരു പ്രമാദമാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കയുണ്ടായി. എന്നാൽ അദ്ദേഹം തെററു സമ്മതിക്കാതെ അനഭിലഷണീയമായ വിധത്തിലും അപ്രസക്തമായും വൃഥാവിലും എന്നെ ആക്ഷേപിച്ച് തൃപ്തി അടഞ്ഞിരിക്കുന്നതുകണ്ടു. ഈ മഹോപാദ്ധ്യായൻെറ മഹാമനസ്കതയ്ക്കും, പ്രതിപക്ഷബഹുമാനത്തിനും, വിമർശനപടുതയ്ക്കും, വിതണ്ഡാവൈമുഖ്യത്തിനും ഞാൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നതോടുകൂടി, വായനക്കാർ തെററിദ്ധരിക്കാതിരിക്കാൻവേണ്ടി ചില സംഗതികളെപ്പററി സംക്ഷിപ്തമായി പ്രസ്താവിച്ചുകൊള്ളട്ടെ.

ഒന്നാമതായി 'ഒരു കൃതിയിൽ തന്നെ രണ്ടുപ്രാവശ്യം ഇഷ്ടദേവതാവന്ദനം മുതലായതു് ആചരിച്ചതായി കേരളഭാഷാകൃതികളെ സമ്പാ

ഡിച്ചിടത്തോളം ഇതുവരെ കണ്ടിട്ടില്ല' എന്ന് മഹോപാദ്ധ്യായനായ ശ്രീമാൻ കുട്ടന്നായർ സംശയംവിനാ പ്രസ്താവിച്ചതു് ഭീമമായ പ്രമാദമാണെന്ന് ഞാൻ സോദാഹരണം ചൂണ്ടിക്കാണിച്ചിരുന്നു. ഇനിയെങ്കിലും തന്റെ പ്രസ്താവന അബദ്ധമാണെന്ന് സമ്മതിക്കാനുള്ള മഹാമനസ്കത ഈ മഹോപാദ്ധ്യായനില്ലാത്തതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു.' ഏതായാലും ഈ പണ്ഡിതന്റെ ഭാഷാജ്ഞാനം എത്രമാത്രമുണ്ടെന്നു വായനക്കാർക്ക് ഊഹിക്കാവുന്നതാണ്.

രണ്ടാമതായി ഭാരതം കിളിപ്പാട്ടിന്റെ പ്രാരംഭത്തിൽ കാണുന്നതു് കവികൃതമായ മംഗളാചരണമല്ലെന്നും അങ്ങിനെ എനിക്കും ഭീമമായ പ്രമാദം പററിയെന്നുമാണ് നമ്മുടെ മഹോപാദ്ധ്യായൻ ഉൽഘോഷിച്ചിട്ടുള്ളതു്! ഭാരതം കിളിപ്പാട്ടിന്റെ പ്രാരംഭത്തിൽ ഗണപതിയേയും സരസ്വതിയേയും സ്മരിച്ചിട്ടുള്ളതു് ഞാനുദ്ധരിച്ചിട്ടുള്ള ഭാഗത്തല്ലാതെ മറെറങ്ങുമില്ലെന്നതു് സ്പഷ്ടമാണ്. കൃതികളുടെ പ്രാരംഭത്തിലാണ് സാധാരണ ഇഷ്ടദേവതാസ്തുതികൾ കാണാറുള്ളതു്. നമ്മുടെ വിമർശകല്ലന്റെ പ്രലപനം വായിക്കുമ്പോൾ ഭാരതം കിളിപ്പാട്ടിന്റെ പ്രാരംഭത്തിൽ ഇഷ്ടദേവതാവന്ദനം ഒരു രൂപത്തിലും ഇല്ലെന്നാണ് വന്നുകൂടുന്നതു്. കിളിയെക്കൊണ്ടു് കഥ പറയിക്കുന്ന എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ യഥാർത്ഥത്തിൽ ഗ്രന്ഥകർത്താവു് നേരിട്ടു മംഗളാചരണം ചെയ്യുന്നതു് സാദ്ധ്യമല്ലെന്നു മനസ്സിലാക്കാനുള്ള ത്രാണി ഇല്ലാത്തവരോടു് എന്താണു പറയേണ്ടതു്? ഞാനുദ്ധരിച്ച വന്ദനം കവികൃതമല്ലപോലും! കവികൃതമല്ലെങ്കിൽ പരകൃതമായിരിക്കുമോ? ഭാരതം കഥ സൂതൻ പറയാനാരംഭിക്കുമ്പോൾ, വിഘ്നോപശാന്തിക്കായി ഭാരതിയേയും വിഘ്നേശനേയും മററും സ്മരിച്ചിരിക്കുന്നതു് ഒരു വന്ദനം ആണെന്നേ ഞാൻ പ്രസ്താവിച്ചിട്ടുള്ളു. സാധാരണ ഇഷ്ടദേവതാവന്ദനം കിളിതന്നെ ചെയ്യുന്നതാകയാൽ സാക്ഷാൽ സംഭാഷണത്തിൽ കാണുന്നതു് ഭാരതത്തിൽ അനാഖ്യാതസംഭാഷണത്തിൽ ആണെന്നേ വ്യത്യാസമുള്ളു. ഭാരതത്തിൽ ഏററെക്കുറെ പ്രാധാന്യമുള്ള സംഭവപർവ്വത്തിന്റെ പ്രാരംഭത്തിൽ എന്നതുപോലെ ഭാഗവതത്തിൽ പ്രാധാന്യമുള്ള ദശമസ്കന്ധത്തിൽ ഇഷ്ടദേവതാവന്ദനം കാണുന്നതു് ഏററവും സ്വാഭാവികമാണെന്നത്രേ ഞാൻ വ്യക്തമാക്കിയിട്ടുള്ളതു്. ഈ വസ്തുത ഗ്രഹിക്കാതെ, പുരുഷദ്വേഷത്തിൽ മാത്രം മതിമറന്ന ഈ ഔദ്ധത്യമൂർത്തി എന്റെ ഭാഷാജ്ഞാനത്തെപ്പററി ചോദ്യം ചെയ്തുകൊണ്ടു് സ്വയം പ്രശംസിക്കുന്നതു് അത്ഭുതകരംതന്നെ.

മൂന്നാമതായി, ഭാഗവതം കിളിപ്പാട്ടിലെ ദശമസ്കന്ധം പ്രാരംഭത്തിൽ ഉള്ള 'ഇനി' എന്ന ശബ്ദം അർത്ഥവത്താണെന്നും അതുകൊണ്ടു നവമദശമസ്കന്ധങ്ങളുടെ പ്രണേതാവ് അഭിന്നരാണെന്ന് വിചാരിക്കുന്നതു് സമുചിതമാണെന്നും ഞാൻ സൂചിപ്പിച്ചിരുന്നു. ദശമസ്കന്ധത്തിൻെറ പ്രാരംഭം മനസ്സിരുത്തി വായിക്കുന്നവർ നമ്മുടെ ഗവേഷകവിദഗ്ധൻെറ വ്യാഖ്യാനം ശരിവയ്ക്കുമെന്നു തോന്നുന്നില്ല. ആ വ്യാഖ്യാനം ക്ലിഷ്ടമാണ്, വിഘ്നേശൻെറയും ഭാരതിയുടേയും ധ്യാനംകൊണ്ടു് കവിഹൃദയം നിർമ്മലീകൃതമാകുംപോലും! അതിനുശേഷം 'ഇനി' എന്ന ശബ്ദം പ്രയോഗിക്കാതെ കൃഷ്ണനെ ധ്യാനിച്ചുകൂടാതിരിക്കും! ഏതായാലും ഈ പദത്തിൻെറ സ്വാരസ്യം ഞാൻ സൂചിപ്പിച്ച രീതിയിൽ വ്യക്തമാക്കുന്നതു് സാമഞ്ജസമായിരിക്കുമെന്ന് വിചാരിക്കുന്ന പണ്ഡിതന്മാർ ഇപ്പോഴും വിരളമായിരിക്കയില്ലെന്നാണ് എൻെറ ഉത്തമവിശ്വാസം.

'ജാതിനിന്ദ്യനാം' എന്ന ദശമസ്കന്ധത്തിലെ പ്രയോഗത്തിൽനിന്ന് ആ സ്കന്ധത്തിൻെറ കർത്താവ് എഴുത്തച്ഛനായിരിക്കാമെന്ന് ഞാൻ പ്രസ്താവിച്ചിട്ടുള്ളതും വിചിത്രമാണത്രേ. മഹോപാദ്ധ്യായബിരുദം നേടിയിട്ടുള്ളവർ ഈവിധം അഭിപ്രായപ്പെടുന്നതാണ് വിചിത്രം! ഈ പ്രയോഗം മാത്രം നോക്കുമ്പോൾ ദശമസ്കന്ധം ഒരുകാലത്തും എഴുത്തച്ഛൻെറതല്ലെന്നു പറവാൻ അധികമാരും ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. മറ്റാരെഴുത്തച്ഛൻെറതാവണമെന്ന് നിർബന്ധിക്കുന്നതു് ശരിയല്ല. ഭാഗവതം കിളിപ്പാട്ടിനെപ്പററി 'വൻകിട' ഗവേഷണം നടത്തിയ ആൾ പ്രസ്തുതപദപ്രയോഗത്തെപ്പററി ഒന്നും പറയാത്തതിൽനിന്നും ആ ഗവേഷണത്തിൻെറ മെച്ചം എത്രമാത്രമെന്ന് ഊഹിക്കാമല്ലോ.

ഇപ്പോൾ അച്ചടിച്ചിട്ടുള്ള ഭാഗവതം കിളിപ്പാട്ടിലെന്നപോലെ നവമദശമസ്കന്ധങ്ങൾ ചേർത്തെഴുതിയ താളിയോലഗ്രന്ഥങ്ങൾ ഒരു ഗവേഷകമന്മന്യൻ കണ്ടിട്ടില്ല. എന്നാൽ ഞാൻ കണ്ടിട്ടുണ്ടെന്ന് പറയുന്നതു് സ്വാഭിപ്രായം സ്ഥാപിക്കുന്നതിന് ബാധകമാകയാൽ ആ വസ്തുത് നമ്മുടെ ഗവേഷകന് അശേഷം രസിച്ചിട്ടില്ല. തെററായ അടിസ്ഥാനത്തിന്മേൽ സിദ്ധാന്തസ്ഥാപനത്തിനു യത്നിക്കുന്നതു് ശരിയല്ലല്ലോ. ഞാൻ പറയാതെ പ്രസ്തുതപരമാർത്ഥം ലോകത്തിൻെറ മുമ്പിൽ വാസ്തവം സമർപ്പിക്കണമെന്നുമാത്രം വിചാരിക്കുന്ന നമ്മുടെ മഹോപാദ്ധ്യായൻ മനസ്സിലാക്കുന്നതെങ്ങിനെയാണാവോ?

അപ്രസക്തമായി, നീചമനസ്ഥിതിയോടുകൂടി തെററിദ്ധാരണ ഉളവാക്കത്തക്കവണ്ണം, മഹോപാദ്ധ്യായബിരുദധാരി എന്നെ പരിഹസിച്ചിട്ടുള്ളതിനുകൂടി സമാധാനം പറയേണ്ടിരിക്കുന്നു. പരിഷത്ത്ത്രൈമാസികത്തിൽ കുഞ്ചൻനമ്പ്യാരെപ്പററി ഞാൻ എഴുതിയിരുന്ന പ്രബന്ധത്തിൽ 'രാഘവീയകാവ്യത്തിൻെറ വ്യാഖ്യാനമായ ബാലപാഠ്യം കൃഷ്ണപാണിവാദനായ കുഞ്ചൻനമ്പ്യാരുടേതാവാനല്ലേ എളുപ്പം' എന്നു പ്രസ്താവിച്ചിട്ടുണ്ട്. ഒരു കൃതിയുടെ പ്രണേതാവുതന്നെ അതിൻെറ വ്യാഖ്യാനമെഴുതുന്നതു് സാധാരണമല്ലാത്തതിനാലും, ജ്യേഷ്ഠൻെറ കൃതി അനുജൻ വ്യാഖ്യാനിക്കുന്നതു് കൂടുതൽ സംഭവ്യമാകയാലും, ആണ് ഞാൻ അപ്രകാരം പ്രസ്താവിക്കാനിടയായതു്. എൻെറ ഊഹം ശരിയല്ലെന്നു് ത്രൈമാസികത്തിൽ ഒരു കുറിപ്പു ചേർത്തിട്ടുണ്ട്. വിദ്വജ്ജനാരാദ്ധ്യനായ മഹാകവി ഉള്ളൂർ രാഘവീയത്തിൻേറയും തദ്വ്യാഖ്യാനത്തിൻേറയും പ്രണേതാവു് ഒരാളാണെന്നു് കാണിപ്പാൻ അന്യത്ര ഒരു രേഖ ഹാജരാക്കിയിരുന്നതു് അനവധാനതമൂലം ഞാൻ പ്രബന്ധമെഴുതിയപ്പോഠം കണ്ടിരുന്നില്ല. മഹാകവി ഉള്ളൂരിൻെറ അഭിപ്രായം സർവ്വഥാ സ്വീകാര്യമാകയാലാണ് അക്കാര്യത്തെപ്പററി ഞാൻ ത്രൈമാസികത്തിൽ ഒന്നും എഴുതാതിരുന്നിട്ടുള്ളതു്. കല്യാണസൗഗന്ധികവാദം നടന്നപ്പോഠം 'കല്യാണസൗഗന്ധികം ചമ്പു' തിരുവനന്തപുരത്തുനിന്നും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നിട്ടും ആയതു് 'മൃതജാതമോ ജാതമൃതമോ' ആയിരിക്കണമെന്നു് വിമർശകാഗ്രേസരനായിരുന്ന സാഹിത്യപഞ്ചാനനൻപോലും പ്രസ്താവിക്കാനിടയായിട്ടുണ്ട്. ഏററവും വിശിഷ്ടമായ ഭാഗവതത്തെപ്പററി പഠനം നടത്തി 'ഏകദേശം നൂറു പുറത്തോളം വരുന്ന ഒരു പ്രബന്ധമെഴുതി' തിരുപ്പതിയിൽ കൊണ്ടുപോയി വായിച്ചുവെന്നും, മദിരാശി വിശ്വവിദ്യാലയത്തിൽ സമർപ്പിച്ചുവെന്നും, സ്വയം അഭിമാനിക്കുന്ന മഹോപാദ്ധ്യായൻ ഭാഗവതസാരം ഗ്രഹിച്ചിരുന്നുവെങ്കിൽ, പുരുഷദ്വേഷത്തിൽ മതിമറക്കാനും, കാര്യം ഗ്രഹിക്കാതിരിക്കാനും, വെറും മിത്ഥ്യാപ്രലപനത്തിനു കച്ചകെട്ടാനും, ഇടയാകുമായിരുന്നില്ല!! ഏതായാലും കൈരളീജനയിത്രിയുടെ സന്താനങ്ങളായി ഈദൃശ 'പൗരസ്ത്യഭാഷാബ്രഹ്മചാരികഠം' ഉള്ളതു് ചിലക്ക് ആശ്വാസജനകമായേക്കാമെങ്കിലും ദയനീയംതന്നെ. *

വെള്ളങ്കുളത്തു് കരുണാകരൻ നായർ ബി. എസ്സ്. സി., എൽ. ററി.

---

* വ്യക്തിവിദ്വേഷം ജനിപ്പിക്കുന്ന ലേഖനങ്ങഠം രാജർഷി സ്വീകരിയ്ക്കുന്നതല്ല. രാ. പ

# * കാത്തിരിപ്പു!

(മഞ്ജരി)

പട്ടുപുടവതൻ തുമ്പത്തു തൂങ്ങുന്ന
കട്ടനാം കട്ടിക്കതിരവനെ,
തെറെറന്നു പൊക്കിയെടുത്തു പുണരുന്നു
പെററമ്മ—പൂർവ്വദിഗംഗനയാം!
കൂരിരുൾ കൂറയഴിച്ചു കളഞ്ഞുടൻ
നേരിയ തൂവെള്ളസ്സാരി ചുററി;
തൂമഞ്ഞുതുള്ളിപ്പനിനീർ തളിച്ചുതൻ
കോമളപ്പൂമേടവൃത്തിയാക്കി;
കോകിലനാദത്താലീശനെ കീർത്തിച്ചു
ലോകൈകരാജ്ഞി—പ്രകൃതിദേവി!!
സൌരഭ്യപൂർണ്ണമാം,മായിരം ചെപ്പുകൾ
താരുക,ളാരാൽ തുറന്നുനോക്കി;
ലീലംവിലോലനായ് താണ്ഡവമാടുന്നു
ബാലനാം മാലേയഗന്ധവാഹൻ!!
നീരജകോരകം പുഞ്ചിരി തൂകുന്നു
പാരിടം വീണ്ടുമുണർന്നിടുന്നു!. . . . . .

*         *         *         *

കാളിമകാളുന്ന കാളിന്ദിയാറിന്റെ
പാലൊക്കം മഞ്ജുളസൈകതത്തിൽ;
ആലോലവാതമിളക്കുമിലകളാൽ
ചാലവേ നൽക്കളിപ്പന്തൽ കെട്ടി!
ആഗതരാവോർതൻ താപത്തെ പോക്കുവാ-
നാകംമട്ടോരോന്നു വട്ടംകൂട്ടി;
അങ്ങതാ നിൽക്കുന്നൊരശോകം; ആക്കമീ-
മന്നന്റെയാതിഥ്യമാചരിക്കാം!!
ആയതിൻ ചോട്ടിലായേതോ കുമാരകൻ
കായാമ്പൂകാന്തി കലന്നു വാഴ്‌വൂ.
ചാണയ്ക്കുവച്ചു മനോഹരമാക്കിയ
മാണിക്യക്കല്ലിൻ മഹിമനേടി;
പാരമിതന്റെചുണ്ടുതോറും ചുംബിക്കും
വാതാറകങ്ങളും പിന്നിലാക്കി;
മാരിവിൽ പോലെ മനോജ്ഞമാം നെററിയിൽ
ഗോരോചനംകൊണ്ടു ശോഭിതൊട്ട്
വെള്ളക്കൽ വച്ചു ചമച്ച കടുക്കനാൽ
ഗണ്ഡസ്ഥലങ്ങൾക്കു കാന്തിയേററി;
ചെഞ്ചുണ്ടിൽ ചേർത്തൊരു ചെണ്ടാരവേണുവാൽ
പഞ്ചമരാഗം പകർന്നു നൽകി;

നന്മവചനങ്ങൾ നാഭിയോടോതുന്ന
വെണ്മമലർമാല്യം കഴുത്തിലേന്തി;
മഞ്ജുളകാഞ്ചിയണിഞ്ഞോരരയിലാ-
മഞ്ഞപ്പൂമ്പട്ടുടയാടചാർത്തി;
വേണുനിനദമാം പീയൂഷപാനത്താൽ
സാനന്ദം കാലിന്മേൽ കാൽകയററി;
ആരാലിരിയ്ക്കുവതാരുഹാ, കണ്ണനോ
ആ രമ്യനിർമ്മലമാൽത്തറയിൽ!! . . . . .
ആ ഗാനമാകുന്ന മാകന്ദമാധ്വിയാ-
ലാകവേയുന്മത്തചിത്തരായി,
രമ്യമാം രോമത്താൽ നിർമ്മിതമായൊരാ-
നിർമ്മലനീവിയാലംഗംമൂടി,
കണ്ണടയ്ക്കാതെ,യക്കണ്ണുമനക്കാതെ
കണ്ണനിൽത്തന്നെ ലയിച്ചുചേർന്ന്,
ചാരത്തു നിൽക്കുമാനാലഞ്ചുകാലികൾ
പാരിലെ ‘ചിന്താമണി’കളല്ലീ?
ആമോദദായകം ഗീതങ്ങൾ കേൾക്കവേ
മാമരംതാനേ തലകുലുക്കി.
കാളീന്ദീദേവി,തരംഗകരങ്ങളാൽ
താളം പിടിക്കുന്നു മന്ദമന്ദം.
രാഗം നിറഞ്ഞൊരു രാഗം ശ്രവിക്കവെ
മോദാശ്രുവീഴ്ത്തുന്നു വല്ലിപോലും!
ചെമ്പനീർ പൂവുകൾ തങ്ങളിൽ തങ്ങളി-
ലൻപുകലർന്നെന്തോ ചൊല്ലിടുന്നു!

*   *   *   *

പാർത്ഥനാം ചാതകം പാരം വിവശനായ്
തേർത്തട്ടിൽ വീണുകരയുംനേരം
“ഗീതോപദേശ”മാം പൂമഴ പെയ്തൊരു
നീരദം! മോഹനം! കൊണ്ടൽ വർണ്ണം!!!
പാവനം താവകദിവ്യമാം ദർശനം
ഏവം ലഭിപ്പാൻ ഞാൻ കാത്തിരിപ്പൂ’!! . . . !

(കടമാളൂർ, കെ. സി. കേശവൻ നായർ)

## പുസ്തകാഭിപ്രായം.

### സംഘക്കളി:

ഗ്രന്ഥകർത്താവ്. മ മ. ശ്രീ. അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്.
മംഗളോദയം പ്രസ്സ്. വില എട്ടണ.

ഭാഷാഗദ്യസാഹിത്യസാമ്രാട്ടായ മഹാമഹിമശ്രീ. രാമവർമ്മ അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് കേരളത്തിലെ പ്രാചീനകലകളിൽ പ്രാധാന്യമേറിയതും നമ്പൂതിരി ഫലിതത്തിൻെറ ജീവനും ആയ 'സംഘക്കളി'യെക്കുറിച്ച് ഗവേഷണപരമായി കല്പിച്ച് നിർമ്മിച്ച ഒരു ലഘുഗ്രന്ഥമാണ് ഞങ്ങളുടെ നിരൂപണത്തിന്നു വിഷയമായിട്ടുള്ളത്. 'സംഘക്കളി' ഒരു "കലയോ കമലയോ". കളിയോ കാര്യമോ, വിനോദസാധനമോ വൈദികകർമ്മമോ, മതാചാരമോ സമുദായാചാരമോ, ഏതെങ്കിലും ചരിത്രസംഭവത്തിൻെറ സ്മാരകമോ പ്രതിച്ഛായയോ, അതിനെത്ര മുഖങ്ങളുണ്ട്, അതെന്നുണ്ടായി, അതിൻെറ ആഗമമെന്ത്, ചരിത്രഗതിയെന്ത്, സ്വരൂപമെന്ത്, ചടങ്ങെന്ത് എന്നിങ്ങനെയുള്ള അതിൻെറ വിവിധവശങ്ങളെ ഈ ഗ്രന്ഥത്തിൽ നിഷ്കൃഷ്ടമായി ചർച്ചചെയ്തിട്ടുണ്ട്. അഭിജ്ഞനായ ഒരു കലാരസികന് 'സംഘക്കളി'യെക്കുറിച്ച് ധരിക്കുവാനുള്ളതെല്ലാം ഈ പ്രബന്ധത്തിൽ അടക്കം ചെയ്തിട്ടുണ്ടെന്നു നിസ്സംശയം പറയാം. ചരിത്രസിദ്ധാന്തങ്ങളിലും വൈദികകർമ്മങ്ങളിലും സമുദായാചാരങ്ങളിലും ലൗകികനടപടികളിലും ചിന്നിച്ചിതറിക്കിടക്കുന്ന തത്വശകലങ്ങളെ ഊഹാപോഹപാടവത്തോടും തത്വാന്വേഷണാസക്തിയോടുംകൂടി സമാഹരിച്ച് സജ്ജീകരിച്ചിട്ടുള്ള ഈ ഗ്രന്ഥം അവിടത്തെ നിസ്തുല്യമായ ഗവേഷണചാതുര്യത്തിന്നു മകുടോദാഹരണമാണ്.

നമ്പൂതിരിമാരുടെ ഇല്ലങ്ങളിലും മററും ചോറൂണ, ഉപനയനം, സമാവർത്തനം, വേളി, പന്ത്രണ്ടാംമാസം, മുതലായ അടിയന്തിരങ്ങളുടെ അവസരങ്ങളിൽ മാത്രം നടത്തിവരാറുള്ള ഈ 'സംഘക്കളിക്ക' സർവ്വജനാരാദ്ധ്യമായ ഒരുകലയുടെ പ്രചരണം സിദ്ധിക്കുവാൻ പ്രയാസമായിരിക്കാം. "സംഘക്കളിയുടെ ചടങ്ങുകൾ ആകമാനം എടുത്തു നോക്കുന്നതായാൽ അതൊരു 'കമല'യെന്നേ പറഞ്ഞുകൂടു" എന്നാണു തിരുമനസ്സിലെ അഭിപ്രായം. കലാമർമ്മജ്ഞന്മാരെ രസിപ്പിക്കത്തക്ക അമൂല്യങ്ങളായ പല അംശങ്ങളും 'സംഘക്കളി'യിൽ ഉണ്ടെങ്കിലും അതു് ഒട്ടാകെ ഒരു "കമല"യായതുകൊണ്ടായിരിക്കണം പുനരുദ്ധാരണത്തിനു സുസാധ്യമല്ലാത്തവിധത്തിൽ ദിവസംപ്രതി അധഃപതിക്കുന്നതു്. "സംഘക്കളി"യിലെ സാഹിത്യഗുണം തികഞ്ഞ അംശങ്ങൾ ഒരു നൂതനകലയായി രൂപാന്തരപ്പെടുകയാണെങ്കിൽ അതു് എന്നും ആസ്വാദ്യവും ആരാദ്ധ്യവും ആയിരിക്കും.

തിരുമനസ്സിലെ ഗദ്യശൈലിയെക്കുറിച്ചോ രചനാസൗഷ്ഠവത്തെക്കുറിച്ചോ വിമർശിക്കേണ്ട ആവശ്യമില്ല. അവിടുത്തെ പ്രതിപാദനരീതി സാഹിത്യരസികന്മാരായ ഏവക്കും സുപരിചിതമാണ്. എത്ര വായിച്ചാലും സംതൃപ്തിവരാത്ത ആലോചനാമൃതങ്ങളും തത്വചിന്താപരങ്ങളും ഫലിതമോഹനപ്രദങ്ങളും ആയ ലേഖനങ്ങളടങ്ങിയ പ്രസ്തുത പുസ്തകത്തിൻെറ ഉള്ളടക്കം സാഹിത്യമർമ്മജ്ഞന്മാരെ എന്നപോലെ തന്നെ പുറംചട്ടയും കെട്ടും മട്ടും സൗന്ദര്യസാരവേദികളേയും ആകർഷിക്കുന്നതാണെന്നു പറയേണ്ടിയിരിക്കുന്നു

(കെ. എം.)

PRESENTED BY:
SRI M. K. VASUDEVAN NAIR
[illegible] VEEDU
MALAYINKIL



മഹാമഹിമശ്രീ.

നാടുവാണരുളുന്ന നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു്.

# തിരുനാൾ മംഗളങ്ങൾ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANTHARA VEEDU
MALAYINKIL

1. താമ്രിസ്രം നരകം തുടങ്ങിയിരുപ-
ത്തെട്ടും ക്ഷണം പൂട്ടുവാൻ
ഹേമിച്ചന്തകനാജ്ഞനൽകിയരുളും
മാടക്ഷമാനായകൻ
നാമിന്നീശ്വരനായ് ഗണിപ്പൊരു മഹാൻ
ഹേ ക്രുടൽമാണിക്യമേ!
സ്വാമിൻ! "ധാമ്മികചക്രവത്തി" വിജയി-
യ്ക്കട്ടെ വിശുദ്ധാശയൻ.

നടുവം മഹൻ.

1. കളഭമുടലിലാടിത്തന്ത്രപൂർവ്വം, നടയ്ക്കൽ
കളഭവരമിരുത്തി,ബ്ഭക്തിയുക്തം വണങ്ങി
പുളകമിളകിനിന്നോരെമ്പുരാനിഷ്ടസിദ്ധി-
ക്കളർമയുതകിടട്ടേ സ്വാമിപൂർണ്ണത്രയീശൻ.

2. നിജസുഗുണചയത്താൽ കൃത്യബോധംസ്വകീയ-
പ്രജകളിലുളവാക്കിധർമ്മവൃക്ഷം വളത്തി
ഭുജബലജിതസർവ്വാമിത്രനായ് കീർത്തിമുദ്രാ-
ഗ്രജനിധി വിജയിപ്പൂ മാടരാജാധിരാജൻ.

നടുവത്തു ശങ്കരൻ നമ്പൂരി.

ആരാമണീയകമിണങ്ങിന സൽഗുണാളി-
യ്ക്കാരാമ,മാശ്രിതജനത്തിനു പാരിജാതം,
ശ്രീരാമവർമ്മനൃപതേ, വിജയിപ്പൂ, രണ്ടാം-
ശ്രീരാമനാകുമവിടുന്നു മഹാനുഭാവൻ! 1.

മാമൂൽവിടാത്തനിലയിൽബ്ഭരണക്രമത്തി-
നാമൂലചൂഡമൊരുപോലുരുപുഷ്ടികൂട്ടി,
ശ്രീമൂലഭൂമിപ, ഭവാൻ പരിരക്ഷചെയ്കെ
ശ്രീമൂലമേറെ വിലസുന്നിതു മാടരാജ്യം. 2

ശ്രീദം പരിഷ്കരണമേതിനു മേററി;യായു-
ർവ്വേദത്തിനഭ്യുദയപദ്ധതിയേപ്പെട്ടുത്തി;
സാദം പെടാത്ത തവ നിസ്തുലരാജ്യഭാര-
വൈദഗ്ദ്ധ്യമെന്തു പറയാം? ധര ധന്യയായി! 3.

രാജൽപ്പുകൾപ്പൊലിമചാർത്തിടുവോ,രനേക-
രാജന്യസത്തമരിരിയ്ക്കിലുമിദ്ധരിത്രി
രാജൻ, ഭവൽപ്രകൃതിരഞ്ജനനൈപുണത്താൽ
രാജന്വതീത്യഭിധചേർന്നു സമുല്ലസിപ്പൂ! 4.

വന്നാഞ്ഞടിച്ചിടുമധാർമ്മികവിപ്ലവത്തിൽ
നിന്നാസ്സനാതനമതദ്രുമെയാർത്തധൈര്യം
ഊനായി നിന്നു പരിചിൽപ്പരിരക്ഷചെയ്തു-
പോന്നാൻ ഭവാൻ മഹിതധാർമ്മികചക്രവർത്തി! 5.

ശ്രുത്യന്തവേദി, നിജപൂർവ്വികർതൻ സുവൃത്തി-
യത്യന്തമാർന്നരചർതൻ മുറയെപ്പുലർത്തി,
സ്ഥിത്യന്തമെന്നി മഹികാപ്പൊരു പുണ്യമൂർത്തി,
സത്യം, ഭവാൻ മഹിതധാർമ്മികചക്രവർത്തി! 6.

ഇന്നാര്യനാകുമവിടെയ്ക്കെഴുപത്തിയെട്ടു-
മൊന്നും വയസ്സുതികയും തിരുനാൾ ജയിപ്പൂ!
മന്നാകവേ മഹിതമിദ്ദിനമാർത്തഭക്തി-
സന്നാഹരാം പ്രജകളുത്സവമാചരിപ്പൂ! 7

പ്രത്യർത്ഥിതൻ കരളിലും ബഹുമാനമേററി,
പ്രത്യഗ്രമഭ്യുദയമിമ്മഹിയിൽപ്പുലർത്തി,
പ്രത്യബ്ദമററതിരുനാൾമഹമാചരിച്ചു
പ്രത്യക്ഷദൈവമവിടുന്നു ജയിയ്ക്ക നീണാൾ! 8.

വേദാന്തവേദ്യ, കമലായതനേത്ര, പൂർണ്ണ-
വേദാലയേശ, കമലാധവ, ഭക്തബന്ധോ,
ഖേദാവകാശമിയലാതിഹ വാഴവാൻ ത്വൽ-
പാദാശ്രിതൻ നൃപനനുഗ്രഹമേകിയാലും! 9.

ചെറുളി കുഞ്ഞുണ്ണി നമ്പീശൻ.

രമ്യാകാരം സുദിനമിതു സന്മങ്ഗളോദഗ്രമെങ്ങും
സാമ്യാപേതം പ്രമദമുളവാക്കുന്നു മന്മാനസത്തിൽ
ഈ മന്നിങ്കൽപ്പെരിയൊരു മഹം പാടെയിന്നൊന്നിതോർത്താൽ
ശ്രീമൽഗോശ്രീധരണിപതിതൻ ജന്മനക്ഷത്രമാകാം. 1

ഓഹോ മൂലം ധനുവിലിത്തുതാൻ മാടഭൂവല്ലഭൻതൻ-
മാഹാത്മ്യത്തിൻപിശുനമനഘം ജന്മനക്ഷത്രമോർത്താൽ
സ്നേഹോദ്രേകം പ്രജകളിലെഴുന്നീ നരേന്ദ്രന്നു നാട്ടാ-
രൂഹിപ്പാനും കഴിവുകലരാത്തുള്ളയം ചെയ്‌വു നീളേ. 2

ഇന്നിഗ്ഗോശ്രീധരണിയിലെഴും ദേവസദ്മങ്ങൾതോറും
കുന്നിച്ചീടും കുതുകമൊടിളാധീശരാജ്ഞാനുസാരം
ഉന്നിദ്രന്മാരെവരുമൊരുമിച്ചുത്സവത്തെദ്ദിവൌകോ-
വൃന്ദത്തിന്നും പ്രമദമുളവാംമട്ടു കൊണ്ടാടിടുന്നു. 3

ഭൂദേവന്മാർക്കനുപമരസം ചേർന്നു മൃഷ്ടാന്നമദ്ധ്യ-
ന്നോദം ഗോ,ഭൂ,കനക,ധന,ധാന്യങ്ങളും, ധർമ്മമെല്ലാം
വേദിച്ചീടും മഹിതനൃവരൻ നൽകിടുന്നു ജഗത്തിൻ-
ഖേദം നീക്കും നിഖിലഹിതജാതത്തെയും ധന്യനിന്നാൾ. 4

ഭൂപാലന്മാരെവരുമനിശം കൈതൊഴും മാന്യമാട-
ക്ഷ്മാപാലാഗ്ര്യൻ ഭവുകമിനിയും മേൽക്കുമേലേറുവാനായ്,
സ്വാപാവേശം ചെറുതുമിയലാതെപ്പൊഴും മാധവൻതൻ-
ശ്രീപാദത്തിൽച്ചതുരതരമായ്ച്ചിത്തമർപ്പിപ്പു ഭക്ത്യാ. 5

കൂട്ടീ തൻപ്രജകൾക്കു രാജ്യഭരണപ്രാമാണ്യമൈക്യം പലേ-
മട്ടിൽ ഭിന്നജനാവലിയ്ക്കു നയവിത്തുണ്ടാക്കിയെല്ലാടവും,
കിട്ടീ മാന്യതമങ്ങളായ ബിരുദസ്ഥാനങ്ങൾ സൽകീർത്തിയും
നാട്ടീ വീരനൃപാലമൌലി വിജയസ്തംഭത്തെ നാടെങ്ങുമേ. 6

ആർത്തന്മാരുടെ രക്ഷയാണഖിലമാം ധർമ്മത്തിലും മുഖ്യമെ-
ന്നോർത്തുത്തമനാം നൃപാലമണിയീരാജ്യത്തിലെല്ലാടവും
കീർത്തിവ്രാതമൊടൊപ്പമാതുരചികിത്സാഗാരജാലത്തെയും
ചേർത്തീടുന്നിതു ധന്യനായിടുമൊരീരാജാവു രാജാവു താൻ. 7

അവിടുത്തെ യശസ്സുകൊണ്ടു ലോകം
ധവളീഭൂതമതായ കാരണത്താൽ,
എവനും തിരിയുന്നതില്ല നക്തം-
ദിവമെന്നുള്ളൊരു ഭേദമെങ്ങുമിപ്പോൾ. 8

ചിന്താനുരൂപഫലമേതവനും കൊടുത്തും
സന്താനമെന്ന പടി സർവ്വരെയും നിനച്ചും,
സന്താപശാന്തിയെ വരുത്തിയുമേതവർക്കു-
മെന്തമ്പുരാൻ വിജയിയായമരേണമെന്നും. 9

ധർമ്മത്തിൻ മർമ്മമെല്ലാമകലുഷഹൃദയൻ സംഗ്രഹിച്ചായതൊക്കെ-
ത്തന്മന്നിൽ ധീരനാകും സചിവനൊടു നടത്തീടുവാനാജ്ഞ നൽകി,
സന്മാർഗ്ഗം തെററിടാതെപ്പൊഴുമരുളിടുമീ മാടഭൂപൻ ജഗത്തിൻ-
നന്മയ്ക്കേകാവലംബം സുഖമൊടു വിജയിക്കേണമാചന്ദ്രതാരം. 10

ധാർമ്മികാനാം ചക്രവർത്തീ സോയം ഗോശ്രീശപരശ്ചിരം
ജയതാത് പൂർണ്ണവേദേശകൃപാർദ്രോദപീക്ഷണാത് സുഖം. 11

പി. വാസുദേവൻ നമ്പീശൻ, മഹാവൈദ്യൻ.

'ലോകാസ്സമസ്താസ്സുഖിനോ ഭവന്തു'ീത്യേകാന്തചിന്താനിരതാന്തരങ്ഗഃ
ലോകാംസ്തനൂജാധിവ പാലയൻ യശ്ചകാസ്തി പ്രജാതാരി രനീത്യരാതിഃ,
യേനാദ്യ ഗോശ്രീധരണീ മഭിജ്ഞാ രാജന്വതീമാഹുരിമാം ഗുണജ്ഞാഃ
യസ്യായുരാരോഗ്യസുഖാഭിവൃദ്ധിം കാങ്ക്ഷന്തി സന്തഃ സതതം ഹൃദന്തഃ.
സ ധർമ്മവൃദ്ധഃ സകലാസമൃദ്ധഃ സുജന്മമൂലർക്ഷവിരാജമാനഃ
ജഗച്ഛരണ്യസ്സ്വജനാഗ്രഗണ്യ ശ്ചിരം ജയതാസ്മദ്ഭദ്രഹേതുഃ. 2

രാജർഷി സംസ്കൃതപാഠശാലാ.

ശ്രീരാമഷണ്മുഖമുഖൈർവിബുധൈസ്സമം ഗോ-
ശ്രീരാജമാനവപുരാശ്രിതരാജരാജഃ
ശ്രീരാജദദ്രിപുരമേത്യ വിരാജിതോസ്മത്-
ശ്രീരാജമൗലിരവതാദപസുധാ മജസ്രം.

പി. എം. നാരായണനായകഃ.

സത്യേ ഹരിശ്ചന്ദ്രസമാനകീർത്തിഃ ധർമ്മേ സതാം ധാർമ്മികചക്രവർത്തീ.
ത്യാഗേ ശിബിർമൂലനൃപാലമൂർത്തീ രാജ്യേ ചിരം രാജതു രാമകീർത്തിഃ

രാജർഷി വായനശാല.

മാലാക്കംമാററുവാനായ് മഹിയിലവതരിച്ചിന്നുമാടക്ഷിതിയ്ക്കു-
ള്ളാലംബം, പൂർണ്ണവേദാലയപുരകരുണാപൂർണ്ണപുണ്യപ്രദീപം.
മൂലംനാളിൽജനിച്ചുള്ളൊരുമഹിതഫലം, സത്കലാധാമമീ, ശ്രീ-
മൂലം, ശ്രീമാടഭൂമീധവനിനി സുചിരം വാഴണേ വാസുദേവ! 1

പൂർവ്വന്മാർ നിധിപോലെവച്ചുപരിലാളിച്ചോരുവേദാങ്ഗനാ-
ഗീർവ്വാണീമണിയാളെ മഞ്ജുളകലാഭൂഷാവിശേഷങ്ങളാൽ
സർവ്വാധീശപരിയാക്കി, സർവ്വരുമവൾക്കൊന്നായ് വശത്താംവിധം
നിർവ്വാണപ്രദയാക്കുമെൻനൃപവരൻ വെല്വൂ! കലാവത്സലൻ. 2

ശ്രീപൂർണ്ണശ്രുതിദേവപാദകാലം നിത്യം നിതാന്തം നിന-
ച്ചാപൂർണ്ണാമലഭക്തിയോടു പഴയന്നൂരംബയെക്കുപ്പിയും
ഭൂപാലക്കണിമൗലിയായിവിലസും ശ്രീമാടഭൂമീധവൻ
ശ്രീപുല്കും പുളകാഞ്ചിതാഭയൊടനേകാബ്ദം ലസിച്ചീടണം. 3

കുടമാളൂർ കെ. കെ. ഗോപാലപിള്ള. (രാ. പ.) (തുടരും)